''എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു;
എളിയവർ അതു കേട്ടു സന്തോഷിക്കും.
എന്നോടു ചേർന്നു യഹോവയെ മഹിമപ്പെടുത്തുവിൻ;
നാം ഒന്നിച്ചു അവന്റെ നാമത്തെ ഉയർത്തുക.''

(സങ്കീ. 34:2,3)

# പുതുവത്സര ജാഗരണം

## (പ്രാർത്ഥനാ സഹായി)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ
എല്ലാ പള്ളികളിലും ഉപയോഗിക്കുവാൻ
ഓർത്തഡോക്സ് വൈദിക സെമിനാരിയിൽനിന്നും
തയ്യാറാക്കിയത്

**ഓർത്തഡോക്സ് സെമിനാരിയുടെ
175-ാം വർഷാചരണത്തോടനുബന്ധിച്ചുള്ള
ഒരു പ്രസിദ്ധീകരണം**

**തയ്യാറാക്കിയവർ:**

റവ. ഫാ. ററി. ജെ. ജോഷ്വാ
റവ. ഫാ. ജോസഫ് വെണ്ടറപ്പിള്ളി
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. ഡോ. വി. പി. വർഗ്ഗീസ്
റവ. ഫാ. തോമസ് വൈ. എലവുക്കാട്ട്
റവ. ഡീക്കൻ ററി. പി. കുര്യൻ
ശ്രീ. ജോൺ തോമസ്
വൈദിക സെമിനാരി വിദ്യാത്ഥികരം.

**പ്രാർത്ഥനകൾക്കും ഗീതങ്ങൾക്കും ലുത്തിനിയാകൾക്കും കടപ്പാട്:**

പാമ്പാക്കട നമസ്കാരക്രമം
സന്ദർഭോചിതപ്രാത്ഥനകരം
ഭക്തിവാക്യങ്ങരം—മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത
പ്രാത്ഥനായോഗ മിത്രം.
പ്രാർത്ഥനാ മഞ്ജരി—ഫാ. ഐ. സി. പത്രോസ്.
ആതുരമിത്രം
ശ്ഹീമാ നമസ്ക്കാരക്രമം
നോമ്പിലെ നമസ്ക്കാരക്രമം
വി. കുർബ്ബാനക്രമം
പെന്തിക്കോസ്തിക്കു മുമ്പ് കാത്തിരിപ്പിൻ ദിവസങ്ങരംക്കുള്ള ക്രമം

# പുതുവത്സര ജാഗരണം

## (പ്രാർത്ഥനാ സഹായി)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ
എല്ലാ പള്ളികളിലും ഉപയോഗിക്കുവാൻ
ഓർത്തഡോക്സ് വൈദിക സെമിനാരിയിൽനിന്നും
തയ്യാറാക്കിയത്

ഓർത്തഡോക്സ് സെമിനാരിയുടെ
175–ാം വർഷാചരണത്തോടനുബന്ധിച്ചുള്ള
ഒരു പ്രസിദ്ധീകരണം

ഓർത്തഡോക്സ് വൈദിക സെമിനാരി
പോസ്റ്റ് ബോക്സ് നമ്പർ 98
കോട്ടയം, കേരള, ഇൻഡ്യ - 686 001
(Tel 3526)

**PUTHUVALSWARA JAGARANAM**
(A Guide book for Prayer)

Copies: 3000

Published by:
Orthodox Theological Seminary
Post Box 98
Kottayam

Copyright:
Orthodox Theological Seminary
Kottayam

Printed at:
Nalathra Printers
Kottayam

1989 December

# ഉള്ളടക്കം


| | പേജ് |
|---|---|
| ആമുഖം | 1 |
| പ. ബാവാ തിരുമനസ്സിലെ കല്പനയിൽനിന്നും | 3 |
| ജാഗരണ ക്രമീകരണ കലണ്ടർ | 5 |
| പുതുവത്സര ജാഗരണരൂപരേഖ | 7 |
| ഒന്നാം ജാഗരണം | 9 |
| രണ്ടാം ,, | 18 |
| മൂന്നാം ,, | 24 |
| നാലാം ,, | 30 |
| അഞ്ചാം ,, | 39 |
| ആറാം ,, | 46 |
| ഏഴാം ,, | 54 |
| എട്ടാം ,, | 62 |
| ഒൻപതാം ,, | 69 |
| പത്താം ,, | 76 |
| പതിനൊന്നാം ,, | 82 |
| പന്ത്രണ്ടാം ,, | 90 |

# ആമുഖം

''യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും'' (യെശ. 40:31). പുതുവർഷം തുടങ്ങുന്നതു ദൈവസന്നിധിയിൽ കാത്തിരുന്നു പ്രാർത്ഥിച്ചു്, ശക്തി ആർജ്ജിച്ചുകൊണ്ടാവണം എന്ന ലക്ഷ്യത്തോടെയാണു് ഈ വർഷം മുതൽ ജനുവരി ഒന്നാം തീയതി നമ്മുടെ എല്ലാ പള്ളികളിലും അഖണ്ഡ ജാഗരണ പ്രാർത്ഥന (''വിജിൽ'') നടത്തണമെന്നു് എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചിരിക്കുന്നതു്. അതിനു് ഉപകരിക്കത്തക്കവിധം ഈ ''പ്രാർത്ഥനാ സഹായി'' വൈദികസെമിനാരിയിൽ നിന്നും പ്രസിദ്ധീകരിക്കുകയാണു്.

ഡിസംബർ 31–ാം തീയതി അസ്തമിക്കുന്ന സന്ധ്യ മുതൽ ആ രാത്രി മുഴുവനും ജാഗരണം നടത്തി ജനുവരി ഒന്നാം തീയതി പ്രഭാതത്തിൽ വി. കുർബ്ബാനയോടുകൂടി സമാപിക്കത്തക്കവിധം ക്രമീകരിക്കാം. സൗകര്യമെങ്കിൽ കുർബ്ബാനയെത്തുടർന്നും ജാഗരണം നടത്തി സന്ധ്യാപ്രാർത്ഥനയോടെ അവസാനിപ്പിക്കാവുന്നതാണു്.

പന്ത്രണ്ടു ജാഗരണങ്ങളാണു് ഇതിലുള്ളതു്. ഓരോന്നും ഓരോ വിഷയം കേന്ദ്രീകരിച്ചുകൊണ്ടാണു്. അതിനനുയോജ്യമായ വേദഭാഗങ്ങളും, പ്രാർത്ഥനകളും, ഗീതങ്ങളും ചേർത്തിരിക്കുന്നു. ഒന്നോ രണ്ടോ മണിക്കൂർ വീതം പ്രാർത്ഥന നടത്തുന്ന പന്ത്രണ്ടു ഗ്രൂപ്പുകൾക്കു് ഈ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കുചേരാം. ഒരു ഗ്രൂപ്പിൽ അഞ്ചു പേരെങ്കിലും ഉണ്ടായിരിക്കുന്നതു് നല്ലതു്. രാത്രി ജാഗരണത്തിൽ പത്തു മണി വരെ സ്ത്രീജനങ്ങളും, അതിനുശേഷം പ്രഭാതംവരെയുള്ള സമയം പുരുഷന്മാരുമായി ക്രമീകരിക്കാവുന്നതാണു്. ഓരോ സമയത്തും ജാഗരണം നടത്തുന്നവരുടെ ലിസ്റ്റ് നേരത്തേതന്നെ ഉണ്ടാക്കിയിരിക്കണം.

ജീവിതത്തിൽ ലഭിച്ച ദൈവകൃപകൾക്കു സ്തോത്രം ചെയ്യുവാനും; നേരിട്ട പരാജയങ്ങൾക്കു അനുതാപപൂർവ്വം ദൈവത്തോടു് ക്ഷമ

യാചിക്കുവാനും, ഭാവി പ്രവത്തനങ്ങൾ തൃക്കരങ്ങളിൽ സമർപ്പിച്ച് അനുഗ്രഹം അപേക്ഷിക്കുവാനുമുള്ള ഒരു സുവണ്ണാവസരമാണ് ഈ പ്രാത്ഥനാപരിപാടി. ദൈവമക്കൾ ഏകാത്മാവിൽ ഒരുമനപ്പെട്ട പ്രാത്ഥിക്കുവാനും ഇതു സഹായിക്കുന്നു.

''സൈന്യത്താലുമല്ല, ശക്തിയാലുമല്ല; യഹോവയുടെ ആത്മാവിനാലാണ്'' സഭയുടെ പ്രവത്തനങ്ങൾ പുരോഗമിക്കേണ്ടതു്. ഇടവകകളുടെ ആത്മികാഭിവൃദ്ധിക്കും, ഭവനങ്ങളുടെ സമാധാനത്തിനും ഭദ്രതയ്ക്കും, വ്യക്തികളുടെ ആത്മീയ വളർച്ചയ്ക്കും ഈ ജാഗരണ പരിപാടി വളരെയേറെ സഹായിക്കുമെന്നതിനു സംശയമില്ല. നമ്മുടെ പ്രാത്ഥനാസഹായം ആഗ്രഹിക്കുന്നവരും അപേക്ഷിക്കുന്നവരുമായ അനേകരുണ്ട്. അവരെ ''കൃപാസനത്തിനു'' മുമ്പിൽ സമപ്പിച്ചു പ്രാത്ഥിക്കുവാനും നമുക്കു സാധിക്കും.

1990–ൽ നമ്മുടെ വൈദികസെമിനാരി സ്ഥാപിച്ചിട്ട് 175 വർഷം പൂത്തിയാവുകയാണ്. അതിൻെറ ജൂബിലിയാഘോഷ പരിപാടി, ഈ പുസ്തകത്തിൽ ചേത്തിരിക്കുന്ന വിധത്തിലുള്ള അഖണ്ഡപ്രാത്ഥനയോടെ ആരംഭിക്കുന്നു. ഇടവകകളിലും സെമിനാരിക്കുവേണ്ടി പ്രാത്ഥിക്കുവാനുള്ള അവസരമാണ്.

ബഹുമാനപ്പെട്ട വൈദികർ ഈ പരിപാടിക്കുവേണ്ട പ്രാധാന്യം നല്കി പ്രാവത്തികമാക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തകർ, ദിവ്യബോധന വിദ്യാത്ഥികൾ തുടങ്ങിയവരുടെ സഹകരണവും നേതൃത്വവും ഈ സംരംഭത്തിനു് പ്രയോജനപ്പെടുത്താൻ കഴിയും.

വെള്ളിയാഴ്ചതോറും പല ഇടവകകളിലും ഇപ്പോൾ ധ്യാനങ്ങൾ നടത്തുന്നതായി അറിയാം. അവർക്കും ഈ പുസ്തകം സഹായകമായിരിക്കും.

ഈ ''പ്രാത്ഥനാസഹായി'' തയാറാക്കുന്നതിൽ പലരും സഹായിച്ചിട്ടുണ്ട്. അവരോടുള്ള നന്ദി പ്രകാശിപ്പിക്കുന്നു. അനേകരെ പ്രാത്ഥനാനുഭവത്തിലേയ്ക്കു നയിക്കുന്നതിനു് പരിശുദ്ധാത്മാവ് ഈ കൃതിമൂലം സഹായിക്കട്ടെ എന്നു് ആശംസിക്കുന്നു.

ഓത്തഡോക്സ് സെമിനാരി
കോട്ടയം,
5–12–1989.

ഫാദർ ററി. ജെ. ജോഷ്വ

(പ: ബാവാതിരുമനസിലെ കല്പനയിൽനിന്നും)

നമ്പർ: 251/89

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും
സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവ
ത്തിൻെറ തിരുനാമത്തിൽ(തനിക്കു സ്തുതി)

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമൻ

(മുദ്ര)

നമ്മുടെ ..........................................................
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

ഒരു പുതിയ വർഷത്തിലേയ്ക്കു നാം പ്രവേശിക്കുവാൻ പോകുകയാണല്ലോ. പുതുവത്സരത്തിൽ പുതിയ കൃപകൾ പ്രാപിക്കുവാൻ തക്കവണ്ണം, വർഷാരംഭത്തിൽ തന്നെ ഒരു സമർപ്പണം നമുക്കാവശ്യമാണ്. പരിശുദ്ധ സുന്നഹദോസ് ഈ കാര്യത്തെപ്പററി പരിചിന്തിച്ചതിൻപ്രകാരം, 1990 മുതൽ എല്ലാ വർഷവും ജനുവരി 1–നു നമ്മുടെ എല്ലാ പള്ളികളിലും ഒരു 'വിജിൽ' അഥവാ അഖണ്ഡ ജാഗരണ പ്രാത്ഥന നടത്തണമെന്നു തീരുമാനിച്ചിരിക്കയാണ്. ആയതിനാൽ, 1990 ജനുവരി 1-ാം തീയതി മുതൽ, എല്ലാ വർഷവും വർഷാരംഭദിനം പ്രാത്ഥനാദിനമായി ഇടവകകളിൽ ആചരിക്കണം എന്നു നിങ്ങളെ പ്രബോധിപ്പിക്കുന്നു. ആയതിനുവേണ്ടി വൈദീകസെമിനാരിയിൽനിന്നും പ്രസിദ്ധീകരിച്ച പ്രാർത്ഥനാ

സഹായിയുടെ കോപ്പികൾ ഇതോടൊപ്പം അയയ്ക്കുന്നു. ഈ പ്രാർത്ഥനാസഹായിയിൽ, തെരഞ്ഞെടുത്ത വേദഭാഗങ്ങൾ, അനുയോജ്യമായ ഗീതങ്ങൾ, പ്രാർത്ഥനകൾ, മദ്ധ്യസ്ഥപ്രാർത്ഥനകൾ മുതലായവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ പള്ളികളിലും, വൈദികരുടെ ചുമതലയിലും, ആത്മീയ പ്രസ്ഥാന പ്രവർത്തകരുടെ നേതൃത്വത്തിലും വിജിൽ നടത്തുവാൻ നിങ്ങൾ നേരത്തേതന്നെ ക്രമീകരണം ചെയ്യണം..............................................

1989 നവംബർ 30-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്നു്.

(ഒപ്പ്)

## ജാഗരണ ക്രമീകരണ കലണ്ടർ

1. ഡിസംബർമാസത്തിലെ രണ്ടാമത്തെ ഞായർ:–

ജാഗരണത്തെക്കുറിച്ച് പള്ളിയിൽ പ്രസ്താവിക്കുക; ആധ്യാത്മിക സംഘടനാ ഭാരവാഹികളുമായി കൂടി ആലോചിക്കുക.

2. ക്രിസ്മസിനു മുമ്പുള്ള ഞായർവരെ:–

ജാഗരണത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ്ശേഖരണം, കുട്ടികളുടെ ജാഗരണത്തിനുള്ള പരിശീലനം.

3. ക്രിസ്മസ് ദിനം:–

നോട്ടീസ് ബോർഡിൽ ജാഗരണത്തിനുള്ള ഗ്രൂപ്പുകളുടെ ലിസ്റ്റിടുക. (വന്നുപോകാനുള്ള സൗകര്യം; പാട്ടിനും, വായനയ്ക്കും, പ്രസംഗത്തിനുമുള്ള കഴിവ്; കുടുംബാംഗങ്ങൾക്ക് ഒന്നിച്ചു സംബന്ധിക്കുവാനുള്ള സൗകര്യം മുതലായവ പരിഗണിച്ച് ലിസ്റ്റ് തയ്യാറാക്കുക.)

4. ഡിസംബർ 31 (ജാഗരണസമയ വിഭജനം:– ഒരു നിർദ്ദേശം).

6.00 p m — 7.00 p m സന്ധ്യാനമസ്കാരം
7.00 p m — 8.00 p m ഗ്രൂപ്പ്-I കുട്ടികളുടെ ജാഗരണം (ഇതിൽ സൺഡേസ്കൂൾ കുട്ടികൾ നേതൃത്വം കൊടുത്തു നടത്തുന്നതു നന്നായിരിക്കും)

| | | | | | |
|---|---|---|---|---|---|
| | 8.00 p m | — | 9.30 p m | ഗ്രൂപ്പ് | II |
| | 9.30 ,, | — | 10.30 ,, | ,, | III |
| | 10.30 ,, | — | 11.30 ,, | ,, | IV |
| | 11.30 ,, | — | 12.30 a m | ,, | V |
| 5. ജനുവരി 1 | 12.30 a m | — | 1.30 ,, | ,, | VI |
| | 1.30 ,, | — | 2.30 ,, | ,, | VII |
| | 2.30 ,, | — | 3.30 ,, | ,, | VIII |
| | 3.30 ,, | — | 4.30 ,, | ,, | IX |
| | 4.30 ,, | — | 5.30 ,, | ,, | X |
| | 5.30 ,, | — | 6.30 ,, | ,, | XI |

| | | | | | |
|---|---|---|---|---|---|
| 6.30 a m | — | 7.30 a m | ,, | | XII |
| 7.30 ,, | — | 8.30 ,, | ,, | | I |
| 8.30 ,, | — | 9.30 ,, | ,, | | II |
| 9.30 ,, | — | 10.30 ,, | ,, | | III |
| 10.30 a m | — | 11.30 ,, | ,, | | IV |
| 11.30 ,, | — | 12.30 p m | ,, | | V |
| 12.30 p m | — | 1.30 ,, | ,, | | VI |
| 1.30 ,, | — | 2.30 ,, | ,, | | VII |
| 2.30 ,, | — | 3.30 ,, | ,, | | VIII |
| 3.30 ,, | — | 4.30 ,, | ,, | | IX |
| 4.30 ,, | — | 6.00 ,, | ,, | | X |
| 6.00 ,, | — | 7.00 ,, | സന്ധ്യാനമസ്കാരം<br>സമാപനാശീർവാദം | | |

Note:-

1. ഗ്രൂപ്പ് ക്രമീകരണം ഓരോ സ്ഥലത്തെയും സൗകര്യംപോലെ നടത്താവുന്നതാണ്.
2. 1990 ജനവരി 1—ന വി. കർബ്ബാനയുണ്ട് എങ്കിൽ അതിനനുസരിച്ചും ജാഗരണ സമയം ക്രമീകരിക്കണം.
3. എല്ലാവരും വേദപുസ്തകം, പാട്ടുപുസ്തകം, കർബ്ബാനക്രമം ........ മുതലായവ കൊണ്ടുവരാൻ പ്രത്യേകം നിർദ്ദേശിക്കണം.

# പുതുവൽസര ജാഗരണ രൂപരേഖ

* പന്ത്രണ്ടു ജാഗരണങ്ങളായി തിരിച്ചിരിക്കുന്നു.
* എല്ലാ ജാഗരണത്തിനും താഴെക്കൊടുത്തിരിക്കുന്ന ഒരു പൊതുക്രമം ഉണ്ട്.

1 സങ്കീർത്തനങ്ങൾ (ഒരാൾ വായിച്ച്, ബാക്കിയെല്ലാവരും ഏറ്റുചൊല്ലുകയോ, ഓരോരുത്തരായി വാക്യങ്ങൾ മാറി വായിക്കുകയോ ചെയ്യാം.)

2 ഗീതങ്ങൾ.

3 കൗമാ (പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി തുടങ്ങി കൃപ നിറഞ്ഞ മറിയമേ വരെ.)

4 കന്യകമറിയാം, വിശുദ്ധർ, വാങ്ങിപ്പോയവർ ഇവരുടെ സ്മരണ (അല്ലെങ്കിൽ അതാതു സമയത്തെ യാമപ്രാത്ഥന).

5 പ്രതിഷ്ഠാ പ്രാത്ഥന.

6 പ്രസംഗം (അല്ലെങ്കിൽ സങ്കീത്തനങ്ങൾ, ഗീതങ്ങൾ.)

7 നിശബ്ദ—ധ്യാനനിമിഷങ്ങൾ.

8 വേദഭാഗങ്ങൾ (തെരഞ്ഞെടുത്ത്, സാവധാനത്തിൽ ഓരോരുത്തരായി ധ്യാനിച്ച് ചൊല്ലണം.)

9 മധ്യസ്ഥ പ്രാർത്ഥനാവിഷയത്തെക്കുറിച്ച് ലുത്തിനിയാ (ലുത്തിനിയായുടെ അവസാനം, പ്രത്യേകം പ്രാത്ഥനയിൽ ഓക്കേണ്ടവരെ ഓർത്തു് പ്രാർത്ഥിക്കാവുന്നതാണ്.

10 ബോവൂസാ.

11 കൗമാ—വിശ്വാസപ്രമാണം.

* ജാഗരണ ക്രമത്തിലെ, സങ്കീർത്തനങ്ങളും ഗീതങ്ങളും ഇടകലർത്തി ക്രമീകരിക്കാവുന്നതാണ്.
* ഓരോ ജാഗരണത്തിനും ഒരു പ്രത്യേക പ്രാർത്ഥനാവിഷയം (ലുത്തിനിയായ്ക്കു്) ഉണ്ടായിരിക്കും.
* സമയം ക്രമീകരിക്കുവാൻ, പൊതുക്രമത്തിലെ ഓരോ സംഗതിക്കും ഇടയിൽ ഗീതങ്ങൾ ആലപിക്കാവുന്നതാണ്,

* ആദ്യത്തെ ജാഗരണം, കുട്ടികളുടെ ജാഗരണമായി ക്രമീകരിക്കാവുന്നതാണ്.

* ഇരുപത്തിനാലു മണിക്കൂർ ജാഗരണം നടത്തുന്നിടത്ത് ചില ഗ്രൂപ്പുകൾ രണ്ടുവട്ടം ജാഗരണ–പ്രാർത്ഥന നടത്തേണ്ടിവരും.

* പ്രത്യേകം പ്രാർത്ഥിക്കുന്നവരുടെ ഗണത്തിൽ വൈദിക സെമിനാരിയെ ഓർക്കുവാൻ താല്പര്യപ്പെടുന്നു. പ്രാർത്ഥനാരൂപം 16–ാം പേജിൽ കൊടുത്തിട്ടുണ്ട്.

# ഒന്നാം ജാഗരണം

(ഒന്നാം ഗ്രൂപ്പ്)

**1 സങ്കീർത്തനങ്ങൾ**

8, 15, 16.

**2 ഗീതങ്ങൾ**

i) വന്ദനം യേശുപരാ..................................

ii) സ്വർഗ്ഗീയ പിതാവെ നിൻതിരുഹിതം.......

iii) എല്ലാം അങ്ങേ മഹത്വത്തിനായ്............

**3 കൗമാ**

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും..........
സ്വർഗ്ഗസ്ഥനായ പിതാവേ..........................
കൃപ നിറഞ്ഞ മറിയമേ.................................

**4 കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങിപ്പോയവർ, ഇവരുടെ സ്മരണ** (ആരാധനയ്ക്കുപയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക).

മറിയാമ്മിൻസ്മരണം.................................
ദൈവപ്രസവിത്രി.......................................
ഭാഗ്യം നിബിയർക്കും..................................
മശിഹായെക്കാണ്മാൻ ..................................
പ്രാർത്ഥനയിൻ സമയമിതല്ലോ.......................

നിന്നെ വരിച്ചോരു താതന്നും............................
രക്ഷകനെ നിൻ ഗാത്രത്തെ............................
മൃതരെ ജീവിപ്പിപ്പാനെഴന്നെള്ളും........................

## 5 പ്രതിഷ്ഠാപ്രാർത്ഥന

സത്യേക ദൈവമായ വിശുദ്ധത്രീത്വമെ — തിരുസന്നിധിയിലേക്ക ഞങ്ങൾ സമീപിക്കുന്നു — ഞങ്ങളെത്തന്നെ തിരുമുമ്പിൽ കാണിക്കയായി വയ്ക്കുന്നു — ഞങ്ങളുടെ ആത്മാവിനേയും ശരീരത്തേയും —വിചാരങ്ങളേയും ഉദ്ദേശ്യങ്ങളേയും — വചനങ്ങളേയും പ്രവൃത്തികളേയും — താലന്തുകളേയും സമയത്തേയും — ഞങ്ങൾ ഇതാ നിനക്കു സമർപ്പിക്കുന്നു. ഞങ്ങൾക്കുള്ള സകലത്തേയും ശുദ്ധീകരിച്ച് — ഞങ്ങളെ നടത്തുവാനായി — പരിപൂർണ്ണമായി ഞങ്ങൾ തിരുസന്നിധിയിൽ പ്രതിഷ്ഠിക്കുന്നു.

നാഥാ, ഞങ്ങൾ നിൻെറ വകയാകുന്നു — ഞങ്ങളെ പൂർണ്ണമായി നിൻേറതാക്കണമെ — നാഥാ നിന്നെ സ്നേഹിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു — നിൻെറ സ്നേഹം കൊണ്ട് ഞങ്ങളെ നിറയ്ക്കേണമേ — നാഥാ നിന്നെ പ്രസാദിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു — നിൻെറ ഇഷ്ടം പ്രവർത്തിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ — നിനക്കിഷ്ടമില്ലാത്ത സകലത്തേയും ഞങ്ങളിൽനിന്നു നീക്കി കളയണമെ — എന്നേക്കും നിൻെറ വകയായി ജീവിക്കുവാൻ — ഞങ്ങളെ തുണക്കയും ചെയ്യണമേ.

കർത്താവെ — അവർണ്ണനീയമായ സ്നേഹത്താൽ— നീ ഞങ്ങളെ സ്നേഹിക്കുന്നു — സ്വാർത്ഥത കൂടാതെ നീ ഞങ്ങളെ സ്നേഹിക്കുന്നു — എന്നേക്കുമായി നീ ഞങ്ങളെ സ്നേഹിക്കുന്നു — ഞങ്ങളുടെ പ്രാർത്ഥനകൾക്കു നിൻെറ കണ്ണുകൾ തുറന്നും — നിൻെറ ചെവികൾ ശ്രദ്ധിച്ചും ഇരിക്കണമെ.

ആമ്മീൻ.

6 **പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീത ങ്ങളും താഴെ കൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ: 18

ഗീതം: ഞാൻ പാപിയായിരുന്നെന്നേശു........

സങ്കീ: 19

ഗീതം: പരിശുദ്ധാത്മാവേ നീയെഴുന്നെള്ളി........

## 7 നിശബ്ദ–ധ്യാനനിമിഷങ്ങൾ

8 **വേദഭാഗങ്ങൾ** (സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞ് ഒരു മിനിട്ട് നിശ്ശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം:– **പരിശുദ്ധാത്മാവ്**

— 'ദൈവത്തിൻെറ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകന്നിരിക്കുന്നുവല്ലോ'. (റോമ. 5:5).

— 'സത്യത്തിൻെറ ആത്മാവു് വരുമ്പോഴോ, അവൻ സകല സത്യത്തിലും, നിങ്ങളെ വഴിനടത്തും' (യോഹ. 16:13).

— 'അവൻ വന്നു്, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും' (യോഹ. 16:8).

— 'ആത്മാവുതന്നെ, ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു' (റോമ. 8:26).

— 'കർത്താവിൻെറ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിൻെറ ദാനമായി, തേജസ്സിന്മേൽ

തേജസ്സ് പ്രാപിച്ച്, അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (2 കൊരി. 3:18).

—'നിങ്ങൾ ദൈവത്തിൻെറ മന്ദിരമെന്നും, ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ' (1 കൊരി. 3:16).

—'ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ, അവനുള്ളവനല്ല' (റോമ. 8:9).

—'അങ്ങനെ ദോഷികളായ നിങ്ങൾ, നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക്, പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും' (ലൂക്കോ. 11:13).

—'ആത്മാവിൻെറ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം' (ഗലാ. 5:22, 23).

## പ്രാർത്ഥന

വി. മാമോദീസായിൽ ഞങ്ങളെ വീണ്ടും ജനിപ്പിച്ച പരിശുദ്ധാത്മാവേ, വീണ്ടും ജനനത്തിൻെറ അനുഭവത്തെ ഞങ്ങൾക്ക് തന്നു് ഞങ്ങളെ പുതിയ സൃഷ്ടികളാക്കണമേ. ദൈവസ്നേഹംകൊണ്ടും മനുഷ്യസ്നേഹംകൊണ്ടും ഞങ്ങളെ നിറയ്ക്കണമെ. ഞങ്ങളുടെ പള്ളികളേയും, ഭവനങ്ങളേയും, രാഷ്ട്രങ്ങളേയും സ്നേഹത്തിലും, ഐക്യത്തിലും ഒന്നിപ്പിക്കണമേ. ഞങ്ങളും ഞങ്ങളുടെ ചുററുമുള്ളവരും ആത്മാവിൻെറ ഫലം സമൃദ്ധിയായി കായ്ക്കുമാറാകണമേ. അങ്ങനെ ഞങ്ങൾ നിന്നെയും നീ ആരിൽനിന്നു് പുറപ്പെടുന്നുവോ ആ പിതാവിനെയും നീ ആരിൽനിന്നെടുക്കുന്നുവോ ആ പുത്രനെയും എന്നാളും മഹത്വപ്പെടുത്തുമാറാകണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാർത്ഥനാ വിഷയം: **സഭ, ഇടവക, ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ**

| | |
|---|---|
| നായകൻ: | സ്വർഗ്ഗസ്ഥ പിതാവാം ദൈവമേ |
| പ്രതിവാക്യം: | ഞങ്ങളോട് കരുണയുണ്ടാകേണമേ |
| നാ: | ലോകരക്ഷിതാവായ ദൈവപുത്രാ |
| പ്ര: | ഞങ്ങളോട് കരുണയുണ്ടാകേണമേ |
| നാ: | പരിശുദ്ധറൂഹായായ ദൈവമേ |
| പ്ര: | ഞങ്ങളോട് കരുണയുണ്ടാകേണമേ |
| നാ: | ഏക ദൈവമായ വി. ത്രിത്വമേ |
| പ്ര: | ഞങ്ങളോട് കരുണയുണ്ടാകേണമേ |

നായകൻ : നാഥാ, കാതോലികവും, അപ്പോസ്തലികവും, ഏകവും, വിശുദ്ധവുമായ അവിടുത്തെ സഭയെകാത്തു, വളർത്തേണമേ.

പ്രതിവാക്യം : കർത്താവേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: ഞങ്ങളുടെ, അഹങ്കാരവും സ്വാർത്ഥതയും നിമിത്തം സഭയിൽ വന്നുകൂടിയിട്ടുള്ള സകല ഭിന്നതകളെയും തർക്കങ്ങളെയും ഇല്ലായ്മ ചെയ്യേണമേ.

പ്ര: കർത്താവേ, ...........

നാ: വി. സഭയെ സത്യവിശ്വാസത്തിലും നേരായ മാർഗ്ഗത്തിലും നടത്തുന്നതിനു അതിലെ ഇടയന്മാരെ പ്രാപ്തരാക്കേണമേ.

പ്ര: കർത്താവേ, ...........

നാ: എല്ലാ സഭാമക്കളും സത്യവിശ്വാസം പാലിക്കുന്ന വരും, സുകൃത ജീവിതമുള്ളവരും ആയിത്തീരേ ണമേ.

പ്ര: കർത്താവേ, ...........

നാ: ഞങ്ങളുടെ ഈ ഇടവകയെ അനുഗ്രഹിച്ച്, ഇടവ കാംഗങ്ങളെല്ലാവരെയും ആത്മീയ കൃപകൾകൊ ണ്ട് നിറയ്ക്കേണമേ.

പ്ര: കർത്താവേ...........

നാ: സത്യ ആരാധനയുടെയും, സത്യവിശ്വാസത്തി ൻെറയും പരിശുദ്ധാത്മഫലത്തിൻെറയും പരിമള വാസനകൊണ്ട് സഭയെ നിറയ്ക്കണമേ.

പ്ര: കർത്താവേ, ...........

നാ: കർത്താവേ! നിൻെറ വിശുദ്ധ മാലാഖമാരോടു കൂടെ നിൻെറ പിതാവിൻെറ വലിയ മഹത്വ ത്തിൽ നീ എഴുന്നെള്ളുമ്പോൾ ഞങ്ങളെ ഓർക്കണ മേ. സകല പാപക്കറകളിൽനിന്നും മലിനതക ളിൽനിന്നും ഞങ്ങൾ വെടിപ്പുള്ളവരായിത്തീർന്നു് നിന്നെ എതിരേൽക്കുവാൻ സഭാമക്കളായ ഞങ്ങ ളെ യോഗ്യരാക്കണമേ.

പ്ര: കർത്താവേ, ...........

നാ: നിനക്കും നിൻെറ പിതാവിനും നിൻെറ പരിശു ദ്ധാത്മാവിനും പ്രസാദമുള്ള ബലി അപ്പിക്കുവാൻ തക്കവണ്ണം ഞങ്ങളെ വിശുദ്ധ പുരോഹിത വർഗ്ഗമാ ക്കിത്തീക്കണമേ.

പ്ര: കത്താവേ, ...........

നാ: ഈ ലോകം ശാശ്വതമല്ലെന്നും, പരലോകവാസ ത്തിനായുള്ള ഒരുക്കകാലമാണെന്നും ഓത്തു് നാൾ തോറും ഒരുങ്ങി ജീവിപ്പാനും അനേകരെ നിൻെറ രാജ്യത്തിനു യോഗ്യരാക്കുവാനും ഞങ്ങളെ സഹാ യിക്കണമേ.

പ്ര: കർത്താവേ, ............

നാ: സഭയിലെ എല്ലാ വികസന പ്രവത്തനങ്ങളെയും, ആദ്ധ്യാത്മീക പ്രസ്ഥാനങ്ങളെയും, ജീവകാരുണ്യ പ്രവർത്തനങ്ങളെയും, സുവിശേഷവേലകളെയും നീ അഭിവൃദ്ധിപ്പെടുത്തണമേ.

പ്ര: കർത്താവേ, ............

നാ: മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഈ സഭയെ ഒരു മാതൃകാസഭയായും, മിഷനറി സഭയായും ഉയർത്തി, ലോകത്തിൻെറ വിവിധ ഭാഗങ്ങളിലേക്കു് അതിൻെറ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും, ജനങ്ങളെ ആദ്ധ്യാത്മികവും ഭൗതീകവുമായ സമസ്ത ഉന്നതിയിലേക്കും നയിക്കുന്ന ഉത്തമ സഭയായി വളരുവാൻ ഇതിനെ അനുഗ്രഹിക്കയും ചെയ്യേണമേ.

പ്ര: കർത്താവേ, ............

നാ: നിൻെറ സ്നേഹത്തെ അറിയാത്തവരും, നിൻെറ ഏകപുത്രനിൽ വിശ്വസിക്കാത്തവരും ആയുള്ളവരെ വിശുദ്ധ സഭയിലേക്കു് ആകർഷിക്കുന്നതിനും, വി. ഏവൻഗേല്യോൻെറ ദിവ്യമായ രക്ഷ അവക്കു് പ്രദാനം ചെയ്യുന്നതിനും സഹായിക്കണമേ.

പ്ര: കർത്താവേ, ............

സഭയിലെ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളേയും തിരുവചനം പഠിപ്പിക്കുന്നതിനും, ആദ്ധ്യാത്മിക ജീവിതത്തിൽ അനേകർക്കു് വിശ്വാസസ്ഥിരതയും തീക്ഷ്ണതയും വളർത്തിയെടുക്കുന്നതിനുമുള്ള മുഖാന്തിരങ്ങളാക്കിത്തീർക്കേണമേ.

പ്ര: കർത്താവേ, ............

നാ: വൈദികസെമിനാരി, സൺഡേസ്കൂൾ, വെക്കേഷൻ ബൈബിൾ സ്കൂൾ, ബാലികാ-ബാലസമാജങ്ങൾ, യുവജനവിദ്യാർത്ഥിപ്രസ്ഥാനങ്ങൾ, മത്തമറിയം വനിതാസമാജം, പ്രാർത്ഥനായോഗം,

വയോജനപ്രസ്ഥാനം, സുവിശേഷസംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ നീ അനുഗ്രഹി ക്കുകയും അവയെ നയിക്കുന്ന നേതാക്കളെ നിന്റെ ശക്തിയാൽ നിറയ്ക്കുകയും ചെയ്യണമേ.

പ്ര: കർത്താവേ, ...........
(പ്രതേകം ഓത്ത് പ്രാത്ഥിക്കേണ്ടവരെ ഇവിടെ ഓത്ത് പ്രാർത്ഥിക്കുക. ഇവിടെ വൈദിക സെമി നാരിയെ പ്രത്യേകം ഓത്ത് പ്രാർത്ഥിക്കാവുന്ന താണ്. ഈ പേജിൽ താഴെയുള്ള പ്രത്യേക പ്രാ ത്ഥന നോക്കുക)

## 10 ബോവൂസാ (യാക്കോബിന്റെ)

ഈശാനാഥാ വരിക തുണപ്പാൻവിളിക്കുട്ടുന്നു
പ്രാത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം
മാലോടാത്മം ചൊല്ലുന്നേവം പാപം ചെയ്യും
മുൻപുള്ളോരാ സൗന്ദര്യമെനിക്കാരിന്നേകി
അൻപുടയോനാമുടയോനെന്നെത്തള്ളുന്നാകിൽ
എൻ സൗന്ദര്യം തിരികെത്തരുവനാരുണ്ടാകും
രാജ്ഞീരൂപം പൊയ്പോയോളാമാത്മാവേ, വാ
നിൻ സൗന്ദര്യം രക്ഷിതമല്ലോ നിൻ നാഥനുകൽ
നീയെത്തുമ്പോൾ വാഗ്ദത്തം പോൽ നൽകും വേഗം
വീണ്ടുംനിന്നെ ഭരമേൽപ്പിപ്പാൻ കാക്കുന്നീശൻ
ദേവാദേവാ ഉത്തരമരുളിക്കാരുണ്യം ചെ—
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

## 11 കൗമാ—വിശ്വാസപ്രമാണം

### വൈദികസെമിനാരിക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന

സാക്ഷാൽ ഗുരുവായ യേശുമശിഹാ! ശിഷ്യന്മാരെ നിന്റെ വേലക്കായി തെരഞ്ഞെടുക്കുകയും, അവക്കു ജ്ഞാ നവും പരിശീലനവും നല്കുകയും, പരിശുദ്ധാത്മാവുകൊ

ണ്ടു് അവരെ നിറച്ച് നിൻെറ പ്രതിനിധികളായി പ്രവ ൎത്തിക്കുന്നതിനുള്ള അധികാരം നല്കുകയും ചെയ്തു. ഇപ്പോൾ നിൻെറ സഭയിലെ ശുശ്രൂഷകൾക്കായി പരിശീലനം നല്കുന്ന ഞങ്ങളുടെ വൈദിക സെമിനാരിയെ അനുഗ്രഹി ക്കണമേ. സെമിനാരിയിലെ അദ്ധ്യാപകരെയും, വിദ്യാ ൎത്ഥികളെയും, സെമിനാരിയെ സഹായിക്കുന്ന എല്ലാവ രെയും, സെമിനാരിസുഹൃത്തുക്കളെയും നിൻെറ കൃപകൊ ണ്ടു് നിറയ്ക്കണമേ. സ്നേഹാനിധിയായ കൎത്താവേ! നി ൻെറ മുന്തിരിത്തോപ്പിലെ വേലയ്ക്കായി വിനയവും, ആത്മീയ നിറവും, ദൈവഭക്തിയും, വിജ്ഞാനവുമുള്ള യുവാക്കൾ സെമിനാരി പഠനത്തിനായി വരുവാൻ കൃപ ചെയ്യണമേ. പൗരോഹിത്യ ശുശ്രൂഷ കേവലം ഒരു തൊ ഴിലായി പരിഗണിക്കാതെ ദൈവവിളിയായി മനസ്സി ലാക്കി, നിൻെറ ഗൃഹവേലക്കാരായി പരിശീലനം നേടു ന്നതിനുള്ള അവസരമായി സെമിനാരി ജീവിതത്തെ അവർ ദർശിക്കുമാറാകണമേ.

സെമിനാരിയിലെ അദ്ധ്യാപകൎക്കും വിദ്യാൎത്ഥികൾ ക്കും മാനസാന്തരജീവിതവും, വിനയവും നല്കി അനേക ൎക്കു് മാനസാന്തരവും, പ്രത്യാശയും പകൎന്നുകൊടുക്കുവാൻ അവരെ യോഗ്യരാക്കണമേ. ആത്മാക്കളെക്കുറിച്ചുള്ള ദാഹവും തീക്ഷ്ണതയും അവൎക്കു നൽകി, നല്ല ഭടന്മാരും, അദ്ധ്വാനിക്കുന്ന കാര്യവിചാരകന്മാരും, ഉത്സാഹിക ളായ വേലക്കാരും, ദയവുള്ള ഇടയന്മാരുമായി അവരെ ആക്കിത്തീൎക്കണമേ. സെമിനാരിയുടെ ആധുനിക കാ ലത്തെ വളർച്ചക്കായി പ്രവൎത്തിച്ച എല്ലാ മേൽപ്പട്ടക്കാ രെയും, വൈദികരെയും വിശ്വാസികളെയും നീ കരുണ യോടെ കാത്തുകൊള്ളണമേ. അവരിൽ വാങ്ങിപ്പോയ വരുടെ ആത്മാക്കളെ സ്വൎഗ്ഗീയ മണവറയിൽ നീ ആശ്വ സിപ്പിക്കുകയും ചെയ്യണമേ. ആമ്മീൻ.

# രണ്ടാം ജാഗരണം

(രണ്ടാം ഗ്രൂപ്പ്)

**1 സങ്കീർത്തനങ്ങൾ**

23, 25, 27

**2 ഗീതങ്ങൾ**

(i) നല്ലദേവനെ ഞങ്ങൾ............................
(ii) തുണയെനിക്കേശുവാം ..........................
(iii) അർപ്പിക്കുന്നേശു നാഥാ, ഇപ്പൊഴതെൻ........

**3 കൗമാ**

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും..........
സ്വർഗ്ഗസ്ഥനായ പിതാവേ..........................
കൃപ നിറഞ്ഞ മറിയമേ................................

**4 കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങിപ്പോയവർ, ഇവരുടെ സ്മരണ** (ആരാധനയ്ക്കുപയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക.)

മന്നമകൾക്കായ് ശ്ലോ—മ്മാ..........................
അഖില ജഗൽപതിയെ...............................
പാവന നിബിമാരേ!...................................
നിർമ്മലനിബിശ്ലീഹാ ...................................

..............പണ്ഡിത വൈദ്യാ......................
ഉയിരേകുന്നോൻ രാജാ..................................
എൻെറ ശരീരം ഭക്ഷി..................................,

## 5 പ്രതിഷ്ഠാപ്രാർത്ഥന

അദ്ധ്വാനിക്കുന്നവരും ഭാരം ചുമന്നു ക്ലേശിക്കുന്നവരുമായ എല്ലാവരും എൻെറ അടുക്കൽ വരുവിൻ — ഞാൻ നിങ്ങൾക്കു ആശ്വാസം നൽകാമെന്നു സ്നേഹപൂർവ്വം അരുളിയ ഞങ്ങളുടെ കർത്താവേശുമിശിഹാ — നിൻെറ കൃപയ്ക്കു സ്തുതി – ക്ലേശങ്ങൾക്കധീനരായിക്കഴിയുന്ന – ബലഹീനരായ ഞങ്ങൾക്കു നിൻെറ ആശ്വാസംതരണമേ — എൻെറ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു — എൻെറ സമാധാനം നിങ്ങൾക്കു തന്നിട്ടു ഞാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ടു് — നിൻെറ ശിഷ്യന്മാർക്കു നീ പ്രദാനം ചെയ്ത — സമാധാനത്തിൻെറ അനുഭവം — ഞങ്ങളുടെ ഹൃദയങ്ങളിലും പരസ്പരബന്ധങ്ങളിലും — സ്ഥിരമായി വസിപ്പിക്കണമേ.

പാപത്തിനും രോഗത്തിനും — നാശത്തിനും മരണത്തിനും — അധീനമായ ലോകത്തിൽ കഴിയുന്ന — ഞങ്ങളുടെ വർഗ്ഗത്തെ ദയാപൂർവ്വം കടാക്ഷിച്ചു് ഞങ്ങൾക്കു ആശ്വാസവും സമാധാനവും നൽകുവാൻ — ഐഹികജീവിതാനുഭവത്തിൽ സ്വയം പ്രവേശിച്ചവനായ നാഥാ — നിൻെറ കരുണയ്ക്കു സ്തുതി – നിൻെറ പീഡാനുഭവവും ക്രൂശുമരണവും മൂലം — നീ ഞങ്ങൾക്കുവേണ്ടി നിർവ്വഹിച്ച രക്ഷയുടെ അനുഭവം — ഞങ്ങൾക്കു യഥാർത്ഥമാക്കിത്തരണമേ — നിൻെറ മരണത്തിൽ ഞങ്ങളെ പങ്കാളികളാക്കി — നിൻെറ അജയ്യമായ ഉയർപ്പിൻ ജീവൻ കൊണ്ടു് — ഞങ്ങളെ നിറയ്ക്കണമേ — കർത്താവേ — നിൻെറ രക്ഷ ഞങ്ങൾ അനുദിനം അനുഭവിച്ചു് — ഞങ്ങൾ അതിനു നിരന്തര സാക്ഷികളായിത്തീരണമേ — ഞങ്ങളുടെ നിത്യനാഥനായ കർത്താവേ — നിൻെറ പിതാവി

നോടും പരിശുദ്ധാത്മാവിനോടുംകൂടി — ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും — എന്നും അർപ്പിക്കുവാൻ യോഗ്യരായിത്തീരണമേ ആമ്മീൻ.

**6 പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെ കൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ: 32

ഗീതം: തിരുക്കരത്താൽ ............................

സങ്കീ: 34

ഗീതം: സ്തുതി സ്തുതിയെൻ മനമെ................

## 7 നിശബ്ദ-ധ്യാനനിമിഷങ്ങൾ

**8 വേദഭാഗങ്ങൾ** (സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞു് ഒരു മിനിട്ടു് നിശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം:— **ദൈവവചനം**

— 'നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു' (സങ്കീ. 36:9b).

— 'നിന്റെ വചനം എന്റെ കാലിനു് ദീപവും എന്റെ പാതയ്ക്കു് പ്രകാശവുമാകുന്നു' (സങ്കീ. 119:105).

— 'ബാലൻ അവന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ' (സങ്കീ. 119:9).

— 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും അതിനെ വിട്ടുമാറുകയില്ല' (സദൃ. 22:6).

— 'ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ, ജീവൻെറ വെളിച്ചമുള്ളവനാകും' (യോഹ. 8:12).

— 'ദൈവത്തിൻെറ വചനം, ജീവനും ചൈതന്യവുമുള്ളതായി, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും, പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു.' (എബ്ര.4:12)

— 'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എൻെറ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.' (മത്താ. 24:35)

## പ്രാർത്ഥന

വചനമാം ദൈവമേ, തിരുഹിതം അറിയുവാനും തിരുവിഷ്ടം ചെയ്യുവാനും അങ്ങയുടെ വചനം ധ്യാനിക്കുകയും പഠിക്കുകയും ചെയ്വാൻ ഞങ്ങളുടെ ഹൃദയത്തിൽ ആഗ്രഹം തരേണമേ. അനുദിനംതിരുവചനത്തിൽനിന്നും ശക്തിപ്രാപിക്കുവാൻ ഞങ്ങൾക്കിടയാക്കണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാർത്ഥനാ വിഷയം: ലോകസമാധാനം
(13-ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നതു കാണുക)

നായകൻ: ''അവർക്ക് ജീവനുണ്ടാകുവാനും, സമൃദ്ധിയായി ഉണ്ടാകുവാനുമത്രേ ഞാൻ വന്നതെ''ന്നു് അരുളിചെയ്ത കർത്താവേ, ലോകത്തിൻെറ സർവ്വതോന്മുഖമായ ഉയർച്ചയ്ക്കും, സമാധാനത്തിനും നീ തുണയ്ക്കേണമേ.

പ്രതിവാക്യം: കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: വിവിധ രാഷ്ട്രങ്ങൾ തമ്മിലും വിവിധ രാഷ്ട്രീയപാർട്ടികൾ തമ്മിലും, വിവിധ മതങ്ങൾ തമ്മിലും, വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങൾ തമ്മിലും, ഐകമത്യവും പരസ്പര സഹകരണവും ഉണ്ടാകുവാൻ നീ ഇടയാക്കണമേ.

പ്ര: കർത്താവേ, ...........

നാ: വാളെടുക്കുന്നവൻ വാളാൽ നശിക്കുമെന്നരുളിച്ചെയ്ത മിശിഹാതമ്പുരാനെ, നിൻെറ സമാധാനം ലോകത്തിൽ വ്യാപകമായി തീരണമേ.

പ്ര: കർത്താവേ, ...........

നാ: ആഗോള യുദ്ധത്തെ ഒഴിവാക്കത്തക്കവണ്ണം രാജ്യങ്ങൾ തമ്മിലുള്ള ശീതസമരങ്ങളും യുദ്ധക്കോപ്പുകൾ സമാഹരിക്കുന്നതിലുള്ള വ്യഗ്രതയും അവസാനിപ്പിക്കണമേ.

പ്ര: കർത്താവേ, ...........

നാ: ബഹിരാകാശ യുദ്ധക്കോപ്പുകൾക്കും മററും ചെലവഴിക്കുന്ന ഭാരിച്ച ചെലവുകൾ സൃഷ്ടിപരമായ കാര്യങ്ങൾക്ക് ചെലവഴിച്ച് തൊഴിലില്ലായ്മയെയും രോഗങ്ങളെയും തടയുന്നതിനുള്ള ആദ്ധ്യാത്മിക പ്രേരണ നൽകണമേ.

പ്ര: കർത്താവേ, ...........

നാ: ശാന്തതയും, ഐകമത്യവും ലോകമെങ്ങും വാഴമാറാകണമേ.

പ്ര: കർത്താവേ, ...........

നാ: യുദ്ധങ്ങളും കലഹങ്ങളും ഇല്ലാതാകത്തക്കവണ്ണം ഞങ്ങൾ പരസ്പരം ഭാരങ്ങൾ വഹിക്കുകയും ക്ഷമിക്കുകയും ചെയ്യുമാറാകണമേ.

പ്ര: കർത്താവേ, ...........

നാ: സമാധാനപ്രിയരും വിനയസമ്പന്നരുമായ ഭരണകർത്താക്കളെ ലോകത്തിൽ നീ എഴുന്നേല്പിക്കണമേ.

പ്ര: കർത്താവേ, ...........

നാ: ലോകസമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് നീ ശക്തി നല്കേണമേ.

പ്ര: കർത്താവേ, ...........

നാ. ഞങ്ങൾ എല്ലാവരും സമാധാനകാംക്ഷികളായി തീരുമാറാകണമേ.

പ്ര: കർത്താവേ, ...........

(പ്രത്യേകം ഓത്തു പ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓത്തു പ്രാർത്ഥിക്കുക.)

## 10 ബാവൂസാ (യാക്കോബിന്റേ)

ഈശാ നാഥാ! വരിക തുണപ്പാൻ വിളിക്കുന്നു.
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം
വിജ്ഞാനീ നീ മണിയുടെ നാദം കേട്ടാൽ വേഗം
സന്തോഷത്താൽ പള്ളികളിൽ പാഞ്ഞെത്തേണം.

പ്രാർത്ഥിക്കുമ്പോൾ ലക്ഷ്യം
തെറ്റിപ്പോകായ്‌വാൻ നിൻ
ചിത്തത്തെ നീ ശ്രദ്ധാപൂർവ്വം നിർത്തീടേണം
പാപത്തെപ്പോൽ കാരുണ്യം നീ യാചിക്കേണം
കേഴുന്നോനെ കേൾക്കും കരുണാനിധിയാം നാഥൻ

താതൻ പുത്രൻ റൂഹാ യിവരെ സ്നേഹിച്ചോരാം
ധർമ്മിഷ്ഠന്മാരൊപ്പം ജീവൻ നീ നേടീടും
ദേവാ ദേവാ! ഉത്തരമരുളികാരുണ്യം ചെ—
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

## 11 കൗമാ – വിശ്വാസപ്രമാണം

# മൂന്നാം ജാഗരണം

(മൂന്നാം ഗ്രൂപ്പ്)

1 **സങ്കീർത്തനങ്ങൾ**

37, 42, 43.

2 **ഗീതങ്ങൾ**

(i) അൻപുടയോ—നേ—നിൻവാതിൽ .............

(ii) ഉയർത്തിടും ഞാൻ............................

(iii) യേശുവേ രക്ഷാദായകാ........................

3 **കൗമാ**

പിതാവിനും പുത്രനും പരിശുദ്ധ റൂഹാസ്സും............

സ്വർഗ്ഗസ്ഥനായ പിതാവേ..............................

കൃപ നിറഞ്ഞ മറിയമേ....................................

4 **കന്യകമറിയാം, വിശുദ്ധന്മാർ, വാങ്ങിപ്പോയവർ ഇവരുടെ സ്മരണ** (ആരാധനയ്ക്കുപയോഗിക്കുന്ന, താഴെ പറയുന്ന ഗീതങ്ങൾ ചൊല്ലുക).

ധന്യേ! മാതാവേ......................................

എന്നോടോതേണം .......................................

മാർത്തോമ്മാശ്ലീഹാ!....................................

കരുണ നിറഞ്ഞവനേ...................................

5 **പ്രതിഷ്ഠാ പ്രാർത്ഥന**

ഞങ്ങളുടെ രക്ഷയുടെ ദൈവമായി തലമുറ തലമുറയായി ഞങ്ങളെ നടത്തുന്ന നല്ല ഇടയനായ കർത്താവേ, ഈ പുതിയ വർഷത്തിന്റെ ആരംഭത്തിലേക്ക് ഞങ്ങളെകൊണ്ടുവന്ന നിന്റെ അളവററ കൃപയെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്നിൽ വസിച്ചുകൊണ്ടു മുന്നോട്ടും പിറകോട്ടും തിരിഞ്ഞു് നോക്കുന്നതിനും വർത്തമാനകാലത്തിൽ ശ്രദ്ധപതിപ്പിച്ച് ദൈനംദിനം മുന്നേറുന്നതിനും നീ ഞങ്ങളെ സഹായിക്കണമേ,

കഴിഞ്ഞകാലത്തെ വിജയത്തിൽ നിഗളിക്കാതെ, നിൻെറ കൃപയാണ് നടത്തിയതെന്നതു് ഓർത്തു് സ്തോത്രം ചെയ്യുന്നതിനും നിൻെറ കൃപയിൽ ആശ്രയിച്ചു് പരമാവധി അദ്ധ്വാനിക്കുന്നതിനും സംഗതിയാക്കണമേ. കഴിഞ്ഞ കാലത്തെ തോൽവികളെക്കുറിച്ചു് അമിതമായി വ്യസനിക്കാതെ വത്തമാനകാലത്തു് അവ ആവർത്തിക്കാതിരിക്കുന്നതിനുള്ള സൂക്ഷ്മതയും ശക്തിയും നല്കണമേ. നിന്നിൽനിന്നു് പാപമോചനം പ്രാപിച്ചു് പുതിയ തീരുമാനങ്ങളോടും, പുതിയ ശക്തിയോടും, പുതിയ ദർശനത്തോടും മുന്നേറുവാൻ സംഗതിയാക്കണമെ.

ആമ്മീൻ.

**6 പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെ കൊടുത്തിരിക്കുന്ന പ്രകാരം.)

സങ്കീ: 46

ഗീതം: കൃപയേറും കർത്താവിലെൻ വിശ്വാസം...

സങ്കീ: 49

ഗീതം: ജീവനുള്ള ദേവനെ.........................

## 7 നിശബ്ദ – ധ്യാനനിമിഷങ്ങൾ

## 8 വേദഭാഗങ്ങൾ

(സാവധാനമായി, ധ്യാനിച്ചു് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞു് ഒരു മിനിട്ടു് നിശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം—**ദൈവസ്നേഹം**

— 'ദൈവം സ്നേഹംതന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു' (1 യോഹ. 4:16b).

— 'എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്തു്, അവൻെറ പ്രവൃത്തി തികയ്ക്കുന്നതുതന്നേ, എൻെറ ആഹാരം' (യോഹ. 4:34).

— 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി, തൻെറ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ വന്നതു്.' (മർക്കോ. 10:45)

— 'അവർക്കു് ജീവനുണ്ടാകുവാനും സമൃദ്ധിയായി ഉണ്ടാകുവാനുമത്രേ, ഞാൻ വന്നതു്' (യോഹ. 10:10b).

— 'നിൻെറ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും കൂടെ, സ്നേഹിക്കേണം' (ആവ. 6:5).

— 'യേശു അവനോടു്: എന്നെ സ്നേഹിക്കുന്നവൻ, എൻെറ വചനം പ്രമാണിക്കും' (യോഹ. 14:23a).

## പ്രാർത്ഥന

സ്നേഹസ്വരൂപനായ സ്വർഗ്ഗസ്ഥ പിതാവേ, അങ്ങയുടെ സ്നേഹത്തിൽ ഞങ്ങൾ ഉരുവായി; ഞങ്ങൾ പരിപാലിക്കപ്പെടുന്നു; അങ്ങയുടെ അനന്തമായ സ്നേഹം അവിടുത്തെ ഏകപുത്രനെ ഞങ്ങളുടെയടുക്കലേക്കു അയച്ചു. ഞങ്ങളെ സ്വന്തം മക്കളായി അവിടുന്നു് സ്വീകരിച്ചിരിക്കുന്നു. അങ്ങയോടു് സ്നേഹമുള്ള മക്കളായി തിരുസന്നിധിയിൽ ജീവിപ്പാൻ ഞങ്ങളെ ശക്തരാക്കേണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാർത്ഥനാ വിഷയം: **വൈദിക സ്ഥാനികൾ, ദൈവവിളി, സുവിശേഷപ്രവർത്തനങ്ങൾ**
(13–ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നതു് കാണുക.)

നായകൻ: നിന്റെ വിശുദ്ധ സഭയെ നയിക്കുന്ന പിതാക്കന്മാരേയും ഇടയന്മാരേയും നീ കാത്തുകൊള്ളുകയും, അവരെ ജ്ഞാനവും ശക്തിയുംകൊണ്ടു് നിറച്ച്, ദൈവസ്നേഹത്തിൽ നിറഞ്ഞു് ദീർഘായുസ്സോടെ നിനക്കു് സേവനം ചെയ്യുവാനും സംഗതിയാക്കണമേ.

പ്രതിവാക്യം: കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ. പട്ടക്കാർക്കും, മേൽപ്പട്ടക്കാർക്കും തിരുവചനപ്രകാരം നിന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുവാൻ വേണ്ട എല്ലാ നൽവരങ്ങളും നല്കുകയും, ശെമ്മാശ്ശന്മാർക്കു് തിരുസഭയിൽ ശുശ്രൂഷിക്കുന്നതിനും, തിരുവചനം ഉദ്ഘോഷിക്കുന്നതിനും വേണ്ട കഴിവും, വെണ്മയും, വെടിപ്പും കൊടുക്കണമേ.

പ്ര: കർത്താവേ, ...........

നാ: കൊയ്ത്തു വളരെയധികം, വേലക്കാരോ ചുരുക്കം എന്നു് അരുളിച്ചെയ്തവനായ നാഥാ, കൊയ്ത്തിനു് പരിശീലിപ്പിക്കപ്പെടുവാൻ അനേകരെ സന്യാസജീവിതത്തിലേക്കും പൗരോഹിത്യ പദവിയിലേയ്ക്കും ആകർഷിക്കണമേ.

പ്ര: കർത്താവേ, ...........

നാ: അങ്ങയുടെ മുന്തിരിത്തോപ്പിൽ വേല ചെയ്‌വാനായി വിളിക്കപ്പെട്ടിരിക്കുന്നു എന്നു് ബോധ്യമുള്ളവർക്കു് അതിനെ സ്വീകരിക്കുന്നതിനുള്ള ധൈര്യവും പ്രത്യാശയും നൽകേണമേ.

പ്ര: കർത്താവേ, ...........

നാ: മാതാപിതാക്കന്മാർക്ക് അവരുടെ ഉത്തമ സന്താനങ്ങളെ അങ്ങേക്ക് സമപ്പിക്കുന്നതിനുള്ള സന്മനസ്സും വിവേകവും നൽകണമേ.

പ്ര: കർത്താവേ, ...........

നാ: അങ്ങയോടുള്ള സ്നേഹത്താൽ പ്രേരിതരായി ലോകത്തെയും കുടുംബത്തെയും മാതാപിതാക്കളെയും ബന്ധുമിത്രാദികളെയും സകലത്തേയും ത്യജിച്ച് അങ്ങയുടെ തിരുനാമ മഹത്വത്തിനും രാജ്യപ്രചാരത്തിനുംവേണ്ടി പട്ടിണിയും ഞെരുക്കവും പ്രയാസങ്ങളും സന്തോഷപൂവ്വം സഹിപ്പാൻ ഒരുക്കമുള്ള അനേകരെ സഭയിൽ ഉയർത്തണമേ.

പ്ര: കർത്താവേ, ...........

നാ: വിദ്യാഭ്യാസവും ത്യാഗബുദ്ധിയും വേലചെയ്യുവാനുള്ള പ്രാപ്തിയും സവ്വോപരി അങ്ങയോട് സ്നേഹവുമുള്ള അനേകരെ വൈദിക പദവിയിലേയ്ക്കും സന്യാസ ജീവിതത്തിലേയ്ക്കും വിളിച്ചു വേർതിരിക്കണമേ.

പ്ര: കർത്താവേ, ...........

നാ: അങ്ങയുടെ സഭ അങ്ങ് അതിനു് ഏല്പിച്ചുകൊടുത്തിട്ടുള്ള താലന്തിനെ ആദരിച്ച് അന്ധകാരത്തിലും മരണനിഴലിലും വസിക്കുന്ന അനേകായിരങ്ങൾക്കും പ്രകാശം നൽകുന്നതായി മലമേൽ സ്ഥാപിക്കപ്പെട്ട വിളക്കുപോലെ ശോഭിക്കുമാറാകണമേ.

പ്ര: കർത്താവേ, ...........

(പ്രത്യേകം ഓത്തു പ്രാത്ഥിക്കേണ്ടവരെ ഇവിടെ ഓത്തു പ്രാത്ഥിക്കുക)

## 10 ബോവൂസാ (യാക്കോബിൻെറ)

ഈശാ! നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്ന
പ്രാർത്ഥന കേട്ടിട്ടാത്മാക്കാംമേൽ കൃപ ചെയ്യേണം

മന്നിൽ സൂര്യൻ തൽപ്രഭ മായും സായംകാലം
സൃഷ്ടാവേ! നിൻ സ്തോത്രം പാടാൻ നല്കുക ദീപ്തി.

ദൈവതനൂജാ! നിന്തിരുമൊഴിയെൻ കാലിനു ദീപം
സൂര്യനൊക്കും തൽ പ്രഭയിൽഞാൻ നടകൊള്ളേണം

സന്ധ്യാനേരം ബലിയായ് നൽകിൻ സ്തോത്രം നിങ്ങാം
സ്നേഹത്തോടെ ദഹനബലിയ്ക്കായ് പ്രാത്ഥന നല്കിൻ

വായും നാവും വചനവുമുള്ളോൻ മൂകതയേലും
സൃഷ്ടിഗണങ്ങാംക്കായ് സ്തുതിപാടാൻ
ബാദ്ധ്യതയുള്ളോൻ

കൈയ്യേററം ചെയ്യേന്നെ രാവിൽ ചേർത്താൻ സന്ധ്യ
നാഥാ! സന്ധ്യയ്ക്കെൻ കതിരോനായ്ത്തീരേണം നീ,

## 11 കൗമാ – വിശ്വാസപ്രമാണം

# നാലാം ജാഗരണം

(നാലാം ഗ്രൂപ്പ്)

**1 സങ്കീർത്തനങ്ങൾ**

50, 51, 55.

**2 ഗീതങ്ങൾ**

(i) എന്നുള്ളമെ സ്തുതിക്ക.........................

(ii) സർവ്വ സൃഷ്ടികളുമൊന്നായ്.....................

(iii) നിന്റെ ഹിതം പോലെ........................

**3 കൗമാ:**

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും............

സ്വർഗ്ഗസ്ഥനായ പിതാവേ...........................

കൃപനിറഞ്ഞ മറിയമേ..............................

**4 കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങിപ്പോയവർ ഇവരുടെ സ്മരണ** (ആരാധനയ്ക്കുപയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക)

സ്വീകരണം നേടി.................................

ക്രോബേ സ്രാപ്പികൾ..............................

ലോകം താത സഹോദരർ ജാതികളും തറവാടും....

(മാർത്തോമ്മാ) സ്ലീഹാ!.............................

വിശ്വാസത്താലേ — വാങ്ങിപ്പോയോരെ..........

## 5 പ്രതിഷ്ഠാ പ്രാർത്ഥന

സർവ്വശക്തനും കാരുണ്യവാനുമായ ഞങ്ങളുടെ മശി ഹാതമ്പുരാനെ — മലിനരും പാപികളുമായ ഞങ്ങൾ — നിന്റെ മുമ്പാകെ നിലവിളിച്ചു അപേക്ഷിക്കുന്നു — ഞങ്ങളുടെ പാപങ്ങൾ നിമിത്തം — ഞങ്ങളെ നീ നശി പ്പിച്ചു കളയരുതെ — എന്തെന്നാൽ തിരുസന്നിധിയിൽ കുററമില്ലാത്തവർ ആരുമില്ലല്ലോ — ഞങ്ങളുടെ പാപ ങ്ങളെക്കുറിച്ചുള്ള ഉത്തമബോദ്ധ്യവും — സത്യമുള്ള അനുതാപവും — പരമാത്ഥമുള്ള കണ്ണുനീരും ഞങ്ങൾക്കു നൽകണമേ ആറാം ദിവസം ആറാം മണിസമയത്തു് — ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി — തിരുമനസ്സോടെ കുരിശിൽ തറയ്ക്കപ്പെട്ടവനായ കർത്താവേ — നീ ഞങ്ങ ളുടെ രക്ഷിതാവാകയാൽ — ഞങ്ങളുടെ പാപച്ചീട്ടിനെ കീറിക്കളയണമെ — കത്താവായ യേശുവേ, — ഞങ്ങൾ നിന്റെ സന്നിധിയിൽ അയോഗ്യരായ ദാസരാകുന്നു വെന്നു ഏററുപറയുന്നു — മനുഷ്യസ്നേഹമുള്ളവനെ നിന്റെ കൃപയോടു് ഞങ്ങളപേക്ഷിക്കുന്നു.

ആറാം മണി സമയത്തു ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടി — തൃക്കൈകളിലും തൃക്കാലുകളിലും ആണി തറ ക്കപ്പെട്ടവനായ കർത്താവേ — ഞങ്ങളുടെ ദേഹങ്ങളെയും ദേഹികളെയും — നിന്നെയുള്ള ഭക്തിയിൽ ഉറപ്പിക്ക ണമേ — ഞങ്ങൾക്കുവേണ്ടി പരിഹാസവും ആക്ഷേപ വും, നിന്ദയും സഹിച്ചവനായ കർത്താവേ — പാപവി കാരങ്ങളേയും ജഡമോഹങ്ങളേയും — ഞങ്ങളിൽനിന്നു് നീക്കിക്കളയണമേ — പിതാവേ, ഇവർ എന്തു ചെയ്യുന്നു എന്നറിയാതിരിക്കുന്നതിനാൽ — ഇവരോടു് ക്ഷമിക്കണ മേ എന്നു പറഞ്ഞുകൊണ്ടു് — തന്നെ കുരിശിൽ തൂക്കിയ വക്കുവേണ്ടി — തന്റെ പിതാവിനോടു അപേക്ഷിച്ചവ നായ കത്താവേ — മനസ്സോടും മനസ്സുകൂടാതെയും, അറി വോടും അറിവു കൂടാതെയും — ഞങ്ങൾ ചെയ്തുപോയിട്ടു ള്ള സകല പാപങ്ങളും — ഞങ്ങളോടു ക്ഷമിക്കണമേ.

കാണാതെപോയ ആടുകൾക്കുവേണ്ടി വന്ന നല്ല ഇടയാ - പാപദാസ്യത്തിൽനിന്നു് ഞങ്ങളെ നീ വിടുവിക്കണമേ പാപസമുദ്രത്തിൽ മുങ്ങിയിരിക്കുന്ന ഞങ്ങളെ ഉദ്ധരിക്കണമേ. എത്രയും വലുതായ ഞങ്ങളുടെ അനീതികളിൽനിന്നു് ഞങ്ങളെ നന്നായി കഴുകി നിന്റെ കൃപയാൽ ഞങ്ങളെ ശക്തിപ്പെടുത്തണമേ — മുട്ടുവിൻ ഞാൻ തുറന്നു തരുമെന്നും യാചിപ്പിൻ നിങ്ങൾക്കു ലഭിക്കുമെന്നും — അന്വേഷിപ്പിൻ കണ്ടെത്തുമെന്നും നീ അരുളിചെയ്തിട്ടുണ്ടല്ലോ. ഇതാ — ഞങ്ങൾ നിന്റെ വാതിക്കൽ മുട്ടുന്നു — നിന്റെ കരുണയ്ക്കായിട്ടു് നോക്കിപ്പാർക്കുന്നു ഞങ്ങളെ ചെവിക്കൊള്ളണമെ — ഞങ്ങളുടെ നിലവിളി കേൾക്കണമേ — ഞങ്ങളുടെ സകല പാപങ്ങളും ക്ഷമിക്കണമേ — ദയാപരനായ കർത്താവേ — ആ പാപിയായ സ്ത്രീയേപ്പോലെ സങ്കടമേറിയ കണ്ണുനീരോടും — പൂർണ്ണവിശ്വാസത്തോടും വഞ്ചനയില്ലാത്ത സ്നേഹത്തോടും — നിന്റെ തിരുമുമ്പാകെ സത്യമായി അനുതപിപ്പാൻ - ഞങ്ങളെ യോഗ്യരാക്കി തീർക്കണമേ — കർത്താവേ — ഞങ്ങളുടെ പാപങ്ങളുടെ മോചനത്താൽ - സന്തോഷത്തോടെ നിന്റെ മുമ്പാകെ നിന്നു പുറപ്പെടുവാനും - ഞങ്ങളോടുള്ള നിന്റെ സർവ്വകൃപകൾക്കും വേണ്ടി നിന്നേയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായേയും നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തുതിച്ചു സ്തോത്രം ചെയ്യുവാനും — ഞങ്ങൾക്കിടയാക്കുകയും ചെയ്യണമേ.

ആമ്മീൻ.

## 6 പ്രസംഗം

(അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെ കൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ: 56

ഗീതം: എന്നോടുള്ള നിൻ സർവ്വ നന്മകൾക്കായി...

സങ്കീ: 57

ഗീതം: ദൈവകൃപയിൽ ഞാൻ ആശ്രയിച്ചു്.......

## 7 നിശബ്ദ - ധ്യാനനിമിഷങ്ങൾ

## 8 വേദഭാഗങ്ങൾ

(സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞ് ഒരു മിനിട്ട് നിശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം:— **സഹോദര സ്നേഹം**

— 'കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കേണം. ഞാൻ യഹോവയാകുന്നു' (ലേവ്യ.19:18b).

— 'താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്, കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല' (1 യോഹ. 4:20b).

'അവൻ നമുക്കുവേണ്ടി തൻെറ പ്രാണനെ വെച്ചുകൊടുത്തതിനാൽ, നാം സ്നേഹമെന്തെന്ന് അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു' (1 യോഹ. 3:16).

— 'എനിക്കു പ്രവചനവരമുണ്ടായിട്ട് സകല പരിജ്ഞാനവും ഗ്രഹിച്ചാലും, മലകളെ നീക്കുവാൻ തക്ക വിശ്വാസമുണ്ടായാലും, സ്നേഹമില്ലെങ്കിൽ, ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എൻെറ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹമില്ലാ എങ്കിൽ, എനിക്ക് ഒരു പ്രയോജനവുമില്ല' (1 കൊരി. 13:2,3).

- 'നാം മരണംവിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്നു സഹേദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു' (1 യോഹ. 3:14).

'പക, വഴക്കുകൾക്ക് കാരണമാകുന്നു. സ്നേഹമോ, സകല ലംഘനങ്ങളേയും മൂടുന്നു' (സദൃ. 10:12).

— 'എന്റെ ഈ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു് നിങ്ങൾ ചെയ്തേടത്തോളമെല്ലാം, എനിക്കു് ചെയ്തു' (മത്താ. 25:40).

— 'മനുഷ്യൻ നിങ്ങൾക്കു് ചെയ്യണമെന്നു് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും, നിങ്ങൾ അവർക്കും ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നെ' (മത്താ. 7:12).

— 'ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നാകുന്നു എന്റെ കല്പന' (യോഹ. 15:12).

— 'തനിക്കുള്ളവർക്കും, പ്രത്യേകം സ്വന്തകുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ, വിശ്വാസം തള്ളിക്കളഞ്ഞു, അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു' (1 തിമോ. 5:8).

## പ്രാർത്ഥന

ഞങ്ങളുടെ സ്നേഹവാനായ ദൈവംതമ്പുരാനേ, പരസ്പരം സ്നേഹിക്കുവാൻ ഉള്ള കല്പന അവിടുന്നു ഞങ്ങൾക്കു തന്നിരിക്കുന്നു. എല്ലാവരെയും ഹൃദയപൂർവ്വം സ്നേഹിക്കുവാനും, പരസ്പരം ഭാരങ്ങളെ വഹിപ്പാനും, ത്യാഗം അനുഷ്ഠിപ്പാനും ഞങ്ങളുടെ ഹൃദയങ്ങളിൽ സ്നേഹമായി അവിടുന്നു വസിക്കേണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാർത്ഥനാ വിഷയം: **കുടുംബജീവിതം**

(13–ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നതു് കാണുക.)

നായകൻ : ആദിയിൽ മനുഷ്യനെ ആണും പെണ്ണു മായിസൃഷ്ടിച്ച് അവരുടെ വിവാഹ ബന്ധത്തെ പവിത്രീകരിച്ചവനായ കത്താവേ! ഭാര്യാഭത്താക്കന്മാരെ സ്നേഹം, പരസ്പരവിശ്വാസം, സഹിഷ്ണത, പ്രാത്ഥനാജീവിതം എന്നിവയിൽ സമ്പന്നരാക്കി എല്ലാററിനും ഉപരി നിന്നെ സ്നേഹിക്കുവാനും തങ്ങളെത്തന്നെ തിരുമുമ്പിൽ സമർപ്പിക്കുവാനും, അതു വഴി അവരുടെ കുടുംബജീവിതം ധന്യമായിത്തീരുവാനും ഇടയാക്കേണമേ.

പ്രതിവാക്യം: കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: ദമ്പതിമാർ സമൂഹത്തോടുള്ള തങ്ങളുടെ ഉത്തരവാദിത്വം നിറവേററുന്നവരും, സകലരേയും സ്നേഹാശ്രൂപിയിൽ ഉൾക്കൊള്ളുന്നവരും, മുതിന്നവരോടുള്ള കടപ്പാട് അഹ്മായ രീതിയിൽ അനുവത്തിക്കുന്നവരുമായിത്തീരേണമേ.

പ്ര: കർത്താവേ, ...........

നാ: നസ്രേത്തിലെ ഭവനത്തിൽ നീ വസിച്ചതുപോലെ, ഇന്നത്തെ കുടുംബങ്ങളിലും നീ ഇറങ്ങിവസിക്കുകയും നിൻെറ സ്വഗ്ഗീയസമാധാനം അവിടെ നിറയ്ക്കുകയും ചെയ്യുമാറാകണമെ.

പ്ര: കത്താവേ, ...........

നാ: മാതാപിതാക്കഠം തങ്ങളുടെ സന്താനങ്ങളെ നടക്കേണ്ട വഴിയിൽ അഭ്യസിപ്പിക്കുന്നവരും, സമൂഹത്തിൽ ഉത്തമ പൗരന്മാരായി അവരെ വളത്തിക്കൊണ്ടു വരുന്നവരുമായിത്തീരേണമേ.

പ്ര: കത്താവേ, ...........

നാ: ഉത്തമവും, ആരോഗ്യകരവുമായ അയൽബന്ധം സ്ഥാപിക്കുവാനും, തങ്ങളെപ്പോലെതന്നെ അയൽക്കാരെയും സ്നേഹിക്കുന്നവരുമായിത്തീരുവാൻ എല്ലാ കുടുംബങ്ങളേയും അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ, ...........

നാ: പ്രയാസങ്ങളുടേയും പ്രതികൂലങ്ങളുടേയും നടുവിൽ പതറിപ്പോവാത്ത വിശ്വാസത്തോടെയും, സമചിത്തതയോടെയും അവയെ സഹിക്കുവാനും നേരിടുവാനുമുള്ള ആദ്ധ്യാത്മിക ശക്തി നീ പ്രദാനം ചെയ്യണമേ.

പ്ര: കർത്താവേ, ...........

നാ: ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളിൽ ആത്മാർത്ഥമായി പങ്കെടുക്കുന്നവരും, കൗദാശികജീവിതത്തിലും, സഭയോടുള്ള ബന്ധത്തിലും പുഷ്ടിപ്പെടുന്നവരുമായിത്തീരുവാൻ കുടുംബങ്ങളെ നീ അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ, ...........

നാ: ദാരിദ്ര്യം, രോഗങ്ങൾ, സഹിക്കാവതല്ലാത്ത ദുഃഖാനുഭവങ്ങൾ എന്നിവയെ നീ കുടുംബജീവിതങ്ങളിൽനിന്ന് ദൂരെയാക്കണമേ.

പ്ര: കർത്താവേ, ...........

നാ: അസാന്മാർഗ്ഗികത മുതലായ ദുഷ്പ്രവണതകളിൽനിന്ന് അകന്നിരിക്കുവാനും അസന്മാർഗ്ഗിക ജീവിതഫലമായിട്ടുണ്ടാകുന്ന കുടുംബകലഹങ്ങളിൽനിന്ന് വിമുക്തരായിരിപ്പാനും എല്ലാ കുടുംബങ്ങളേയും നീ അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ...............

നാ: ''ഞാനും, എൻെറ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും'' എന്നു യോശുവയെപ്പോലെ പറയുവാനും, പരിശുദ്ധമായ ദൈവബന്ധത്തിൽ ജീവിതത്തെ ക്രമപ്പെടുത്തുവാനും ഉള്ള എല്ലാ അനുഗ്രഹങ്ങളേയും കുടുംബങ്ങൾക്ക് നീ നല്കണമേ.

പ്ര: കർത്താവേ...............

നാ: അനുദിനമുള്ള കുടുംബപ്രാർത്ഥനയും, ആരാധനാജീവിതവും, ക്രിസ്തീയ കുടുംബത്തിൻെറ അടിസ്ഥാന പ്രമാണമായി അംഗീകരിക്കുവാനും, ആധുനിക കുടുംബജീവിതത്തിൽ ഉണ്ടാകാവുന്ന പാളിച്ചകളും ശൈഥില്യവും ഇല്ലാതെയാക്കുവാനും, പ്രായാധിക്യത്തിലും, ശാരീരികാസ്വാസ്ഥ്യതകളിലും ഇരിക്കുന്ന മാതാപിതാക്കളോട് സ്നേഹബഹുമാനങ്ങളോടെ പെരുമാറുവാനുള്ള സന്മനസ്സ് കുടുംബാംഗങ്ങളിൽ ഉണ്ടാകുവാനും നീ കൃപചെയ്യണമേ.

പ്ര: കർത്താവേ,...........

നാ: കുടുംബങ്ങളിൽ സഭാവിശ്വാസം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള താൽപ്പര്യത്തെ നീ ഉളവാക്കുമാറാകണമേ.

പ്ര: കർത്താവേ, ...........

നാ: ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിപ്പാനും ദൈവം നല്കിയിരിക്കുന്ന സമ്പത്തിനെ നന്നായി കാര്യവിചാരം ചെയ്യുവാനും, അതിഥിസൽക്കാരം ആചരിപ്പാനും എല്ലാ കുടുംബങ്ങളേയും നീ അനുഗ്രഹിക്കണമേ.

(പ്രത്യേകം ഓർത്തു പ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓർത്തു പ്രാർത്ഥിക്കുക)

## 10 ബോവൂസാ (യാക്കോബിൻെറ)

ഈശാ നാഥാ! വരിക തുണപ്പാൻ വിളിക്കുന്ന
പ്രാത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം.

നാഥാ! നിന്നെ വേർപെട്ടകലെ പോകരുതേ ഞാൻ
ഏററുക തള്ളപ്പെട്ടോനെന്നെ കൃപയാലുള്ളിൽ

എന്നെപ്പാപം നിട്ദ്രയമൊളിവിൽ ക്ഷതമേല്പിച്ചു
ജ്ഞാനി! നീയെൻ വേദനയാററാൻ ശുശ്രൂഷിക്ക

ഹാ! ദുഷ്ടാത്മാവെന്നെ വലവച്ചയ്യോ വീഴ്ത്തി
ആ കെണി നാഥാ! പൊട്ടിച്ചെന്നെ രക്ഷിക്കേണം.

നേർവഴി തെററിപ്പോയൊരജത്തെ നല്പിടയാ നീ
ഘാതകനാമാ ദുഷ്ടനിൽനിന്നും രക്ഷിക്കേണം.

ദേവാ ദേവാ! ഉത്തരമരുളിക്കാരുണ്യം ചെ-
യ്തേകീടേണം മനജാത്മാക്കൾക്കനുതാപം നീ.

## 11 കൗമാ – വിശ്വാസപ്രമാണം

# അഞ്ചാം ജാഗരണം

(അഞ്ചാം ഗ്രൂപ്പ്)

## 1 സങ്കീർത്തനങ്ങൾ

62, 63, 68.

## 2 ഗീതങ്ങൾ

i) സ്തുതി ചെയ്മനമെ.....................................

ii) യേശുവിൻ തിരുപാദത്തിൽ.......................

iii) സീയോൻ സഞ്ചാരി.................................

## 3 കൗമാ

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും..........

സ്വർഗ്ഗസ്ഥനായ പിതാവേ... ...........................

കൃപ നിറഞ്ഞ മറിയമേ.......................................

## 4 കന്യകമറിയാം, വിശുദ്ധന്മാർ, വാങ്ങിപ്പോയവർ, ഇവരുടെ സ്മരണ

(ആരാധനസ്ഥപ്പയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക.)

ഹാ! നിൻഭാഗ്യം ദാവീദിൻ ..........................

നി—ബിശ്ലീഹന്മാർ........................ ..................

നിൻ ഗാത്രം ഭക്ഷിച്ചും....... ......................... ....

മാലാഖാനാഥ! ...................................................

(വി. കുർബ്ബാനക്രമത്തിലെ സ്ലീബാ–രാത്രി നമസ്കാരം മാവുർബാശീലുകൾ കാണുക)

## 5. പ്രതിഷ്ഠാ പ്രാർത്ഥന

ഇപ്പോഠ ദൈവമായ കർത്താവേ! മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവു കൂടാതെയും രഹസ്യമായും പരസ്യമായുമുള്ള ഞങ്ങളുടെ സകല അകൃത്യങ്ങളും ഞങ്ങളോടു ക്ഷമിപ്പാൻ ഞങ്ങഠ നിന്നോട്ട് അപേക്ഷിക്കുന്നു. ശെമയോൻെറ ഭവനത്തിൽവച്ച് ആ പാപി സ്ത്രീയോടു ക്ഷമിച്ചതുപോലെ ഞങ്ങളോടും ക്ഷമിക്കണമേ. സ്ലീപ്പായിൽവച്ചു കള്ളനോടു ചെയ്തതുപോലെ ഞങ്ങളോടും കരുണ ചെയ്യണമെ. ആ മുടിയനായ പുത്രനു നൽകിയ പ്രകാരം ഞങ്ങഠക്കു പാപപരിഹാരം നൽകണമെ. ചുങ്കക്കാരനെ നീതീകരിച്ചതുപോലെ ഞങ്ങളെയും നീതീകരിക്കേണമെ. നിന്നെ ഉപേക്ഷിച്ചു പറഞ്ഞ ശെമയോൻ പത്രോസിനെ കൈക്കൊണ്ടതുപോലെ ഞങ്ങളെയും കൈക്കൊള്ളണമെ.

സ്നേഹനിധിയായ കത്താവേ, അശുദ്ധന്മാരെ വെടിപ്പാക്കിയ പ്രകാരം ഞങ്ങളെയും വെടിപ്പാക്കണമെ. മലിനന്മാരെ ശുദ്ധീകരിച്ചതുപോലെ ഞങ്ങളെ ശുദ്ധീകരിക്കണമെ. അനുതാപികളെ സ്വീകരിക്കുന്നവനും, പാപികളുടെ കുററങ്ങഠ മോചിക്കുന്നവനും, തൻെറ അടുക്കൽ കണ്ടെത്തപ്പെട്ടു നശിച്ചുപോയവരിലും, തൻെറ അടുക്കലേയ്ക്കു തിരിഞ്ഞുവരുന്ന തെററുകാരിലും ആഹ്ലാദിക്കുകയും, സന്തോഷിക്കുകയും ചെയ്യുന്നവനുമായ മശിഹാ തമ്പുരാനേ! നിനക്കും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച വാഴ്ത്തപ്പെട്ടവനും, ഭാഗ്യവാനുമായ നിൻെറ പിതാവിനും, ഞങ്ങളുടെ തിരിച്ചുവരവിൽ സന്തോഷിക്കുന്ന ജീവനും വിശുദ്ധിയുമുള്ള നിൻെറ റൂഹായ്ക്കും. ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും, സ്തുതിയും, സ്തോത്രവും, ബഹുമാനവും, ആരാധനയും അടക്കം കൂടാതെ കരേറുവാൻ തക്കവണ്ണം പാപത്തിൻെറ സകല അഴുക്കുകളിൽ നിന്നും ഞങ്ങളെ തുടച്ചു വെടിപ്പാക്കി നിർമ്മലമാക്കണമെ.

ആമ്മീൻ.

**6 പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെ കൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ: 70

ഗീതം: ദൈവത്തിനു സ്തോത്രം ദൈവത്തിനു........

സങ്കീ: 71

ഗീതം: ലോകത്തിലേകയാശ്രയം..................

## 7 നിശബ്ദ–ധ്യാനനിമിഷങ്ങൾ

**8 വേദഭാഗങ്ങൾ** (സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞു് ഒരു മിനിട്ട് നിശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം:– **ബഹുമാനം, അനുസരണം, ക്ഷമ.**

— 'നരച്ചവന്റെ മുമ്പാകെ എഴുന്നേല്ക്കുകയും വൃദ്ധന്റെ മുഖം ബഹുമാനിക്കുകയും, നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം. ഞാൻ യഹോവയാകുന്നു.' ലേവ്യ. 19:32)

— 'സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു്, പരസ്പരം ബഹുമാനിക്കുന്നതിൽ മുന്നിട്ടുകൊള്ളുവിൻ' (റോമ. 12:10)

— 'ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ, ഓരോരുത്തൻ, മററുള്ളവനെ, തന്നെക്കാൾ ശ്രേഷ്ഠൻ എന്നു് എണ്ണിക്കൊൾവിൻ.' (ഫിലി. 2:3)

— 'തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും.' (മത്താ. 23:12).

— 'നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം, നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം'. (മത്താ. 20:26 b).

— 'ക്രിസ്തുവിന്റെ ഭയത്തിൽ, അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ' (എഫെ. 5:21).

— 'അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽതമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ.' (1 പത്രോ 5:5 a).

— 'എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ, ഭാര്യമാരും, ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം.' (എഫേ 5:24)

— 'കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്വിൻ.' (കൊലോ. 3:13).

## പ്രാർത്ഥന

സ്വർഗ്ഗീയ പിതാവേ, ബഹുമാനിക്കുന്നതിൽകൂടി ബഹുമാനം ആർജ്ജിക്കുവാൻ ഞങ്ങളെ പ്രേരിപ്പിക്കേണമേ. അനുസരിക്കേണ്ടവരെ അനുസരിക്കുവാനുള്ള സന്നദ്ധത ഞങ്ങളിൽ ഭരിക്കേണമേ. അവിടുന്ന് ഞങ്ങളോട് ക്ഷമിക്കുന്നതുപോലെ, മററുള്ളവരോട് ക്ഷമിക്കുവാൻ ഞങ്ങളെയും പ്രാപ്തരാക്കേണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാർത്ഥനാ വിഷയം: **സന്യാസസമൂഹങ്ങൾ** (13 ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നത് കാണുക.)

നായകൻ: പരിശുദ്ധ സഭയിലുള്ള എല്ലാ ആശ്രമങ്ങളെയും മഠങ്ങളെയും അനുഗ്രഹിക്കണമേ.

പ്രതിവാക്യം: കർത്താവേ. ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: ഇവ വളർന്നു് വരുവാനും കൂടുതൽ ഉണ്ടാകുവാനും കൃപ ചെയ്യണമെ

പ്ര: കർത്താവേ....... .. ....

നാ: സന്യാസജീവിതം നയിക്കുന്നവരെ ക്ഷയിച്ചുപോകാത്ത തീക്ഷ്ണതയും പൂർണ്ണമായ സ്നേഹവും കൊണ്ടു് കത്തിജ്വലിപ്പിച്ച് ദാരിദ്ര്യം, പാതിവ്രത്യം എന്നീ സംഗതികളിൽ വിശ്വസ്തരാക്കണമേ.

പ്ര: കർത്താവേ,...............

നാ: സന്യാസസമൂഹങ്ങളിൽ ജീവിക്കുന്നവരെ അനുസരണമുള്ളവരാക്കണമേ.

പ്ര: കർത്താവേ,...............

നാ: സന്യാസ ജീവിതക്കാരെ കാത്തു് സംരക്ഷിക്കുകയും അവരുടെ സംഖ്യയെ വർദ്ധിപ്പിക്കുകയും ചെയ്യണമെ.

പ്ര: കർത്താവേ...................

നാ: ദൈവമായ കർത്താവേ! ലോകമൊക്കെയുമുള്ള എല്ലാ ആശ്രമ പ്രസ്ഥാനങ്ങളേയും അവിടുന്നു് വാഴ്ത്തി അനുഗ്രഹിക്കണമെ.

പ്ര: കർത്താവേ,...............

നാ: സഭയിലെ എല്ലാ സന്യാസപ്രസ്ഥാനങ്ങളെയും വിശേഷാൽ ദയറാകൾ, മഠങ്ങൾ, സ്ലീബാദാസസമൂഹം, സുവിശേഷ സംഘങ്ങൾ എന്നിവയെ നീ അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ,...............

നാ: അനേകരെ സന്യാസജീവിതത്തിലേക്കു് ആകർഷിക്കത്തക്കവിധം മാതൃകാജീവിതം നയിക്കുവാൻ എല്ലാ ആശ്രമസ്ഥരേയും നീ ഒരുക്കണമേ.

പ്ര: കർത്താവേ,...............

നാ: സ്വയസ്നേഹവും സ്വാർത്ഥതയും വെടിഞ്ഞ് സ ന്യാസജീവിതത്തിന്റെ എല്ലാ നിയമങ്ങളും പാ ലിച്ച് വിശുദ്ധരായി വളർന്നുവരുവാൻ നീ കൃപ ചെയ്യണമേ.

പ്ര: കർത്താവേ,......................

നാ: ദൈവവിളി ഉണ്ടായി എന്ന ബോദ്ധ്യമുള്ളവർക്ക് കൂടുതൽ പ്രചോദനവും ആത്മീയ ധൈര്യവും പക ന്നുകൊടുക്കത്തക്ക രീതിയിൽ അനേകം ധ്യാനപി താക്കന്മാർ ആശ്രമങ്ങളിൽ നിന്നു വളന്നു വരുവാൻ നീ സഹായിക്കണമേ.

പ്ര: കർത്താവേ,...................

നാ: ആശ്രമപ്രസ്ഥാനത്തിലൂടെ സഭയ്ക്ക് ആത്മീയ ഉണ ർവ്വും ഉത്തേജനവും നൽകുവാൻ തക്കവിധം പ്രാർ ത്ഥനയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ എല്ലാ ആശ്രമസ്ഥരേയും നീ അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ,...................

നാ: ആശ്രമപ്രസ്ഥാനങ്ങൾ മുരടിച്ചുപോകാതെ കൂടുതൽ ശക്തിയാർജ്ജിച്ചു വളരുവാനും, അതിലെ അംഗ ങ്ങൾ ക്ഷയിച്ചുപോകാതെ സ്നേഹത്തിലും, സഹക രണത്തിലും ഒരുമനപ്പെട്ടു ജീവിപ്പാൻ നീ കരുണ ചെയ്യണമേ.

പ്ര: കർത്താവേ,...................

(പ്രത്യേകം ഓർത്തുപ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓർത്തുപ്രാർത്ഥിക്കുക)

## 10 ബോവൂസാ (യാക്കോബിന്റെ)

ഈശാ! നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്ന
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപചെയ്യേണം.

കാംക്ഷിക്കുന്നേൻ കന്മഷമുക്തിക്കെൻ കർത്താവേ!
കാലത്തിന്നൊത്തൻപത്ഥിപ്പാൻ നൽകുക കണ്ണീർ

ദാഹിക്കുന്നോരനേകാശ്രയമാം നിൻ കരുണസ്സായ്
വർഷിക്കെൻമേൽ കരുണക്കടലേ! കരുണാപൂരം

കാലം പോക്കി പാഴായവയെ സേവിച്ചീ ഞാൻ
ജീവാന്ത്യത്തിൽ കൈക്കൊംകെന്നെ ഞാൻ നിൻേറതാം.

മായാ രാജാവെന്നെ വധിപ്പാനെയ്ത്തു ബാണം
സേനാധീശാ! സൗഖ്യം നേടാനൗഷധമേകു

ദേവാ ദേവാ! ഉത്തമരുളിക്കാരുണ്യം ചെ -
യ്യേകീടേണം മനുജാത്മാക്കൾക്കനുതാപം നീ

## 11 കൗമാ—വിശ്വാസപ്രമാണം

# ആറാം ജാഗരണം

(ആറാം ഗ്രൂപ്പ്)

**1 സങ്കീർത്തനങ്ങൾ**

84, 85, 86

**2 ഗീതങ്ങൾ**

(i) ദിനം ദിനം ദിനം നീ വാഴ്ത്തുക..................

(ii) യേശുവോട്ട ചേർന്നിരിപ്പതെത്ര................

(iii) യേശുവെ നിൻെറ കൃപ.........................

**3 കൗമാ:**

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും............

സ്വർഗ്ഗസ്ഥനായ പിതാവേ.............................

കൃപനിറഞ്ഞ മറിയമേ.................................

**4 കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങിപ്പോയവർ ഇവരുടെ സ്മരണ** (ആരാധനക്കുപയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക)

വാഴ്‌വിന്നാകട്ടെ — മാതാവിന്നോർമ്മ ............

സൗരഭ്യംപോലെ — തീക്കുണ്ടിൽപെട്ട..............

ക്ഷേമമൊട — ഞെഴുന്നെള്ളുകസാക്ഷാ............

ആശ്വാസം — സ്മൃതിയൊടുമൃതതാത...............

## 5 പ്രതിഷ്ഠാ പ്രാർത്ഥന

ദൈവമെ! നിനക്കു സ്തുതി. ദൈവമെ! നിനക്കു സ്തുതി. ദൈവമെ! നിനക്കു സ്തുതി. ആദിയും അന്തവുമില്ലാത്ത നിത്യനെ! നിനക്കു സ്തുതി. സത്യത്തിന്റെ പിതാവെ! നിനക്കു സ്തുതി. സകലത്തിന്റെയും സൃഷ്ടാവെ! നിനക്കു സ്തുതി. രഹസ്യങ്ങളെ പരിശോധിക്കുന്നവനെ! നിനക്കു സ്തുതി. തോററുപോകാത്ത പരാക്രമിയും എതിർക്കപ്പെടുവാൻ പാടില്ലാത്ത ശക്തിമാനും ആയവനെ! നിനക്കു സ്തുതി. അനീതിയില്ലാത്ത ന്യായാധിപതിയും കോപിക്കാത്ത കാരുണ്യവാനും ആയവനെ! നിനക്കു സ്തുതി. അദൃശ്യന്മാരുടെ ബോധവും ദൃശ്യന്മാരെ ബോധജ്ഞാനപ്പെടുത്തുന്നവനും ആയവനെ! നിനക്കു സ്തുതി. നീ സൃഷ്ടിച്ചിട്ടുള്ള വായ്കളിൽ നിന്നും നീ നിർമ്മിച്ചിട്ടുള്ള നാവുകളിൽനിന്നും നിനക്കു സ്തുതിയും മഹത്വവും കരേററുമാറാകട്ടെ. കുററപ്പെടാത്ത നീതിമാനും വീണുപോകാത്ത യോദ്ധാവും ആയുള്ളവനെ! നിനക്കു സ്തുതി.

മരണമില്ലാത്ത ജീവനുള്ളവനും ദരിദ്രപ്പെടാത്ത ധനവാനും ആയുള്ളവനെ നിനക്കു സ്തുതി. വളരെ കൃപയോടും ധാരാളമായ കരുണയോടും കൂടിയിരിക്കുന്ന ഉത്തമനായുള്ളവനെ! നിനക്കു സ്തുതി. കുറവുവരാത്ത സമുദ്രവും ചുരുങ്ങിപ്പോകാത്ത അഗാധവും ആയുള്ളവനെ! നിനക്കു സ്തുതി. നീതിയായി വിധിക്കുന്നവനും ശരിയായി പരിശോധിക്കുന്നവനും ആയ നീതിമാനെ! നിനക്കുസ്തുതി ഒതുങ്ങിയിരിക്കുന്നവരുടെ തുറമുഖവും വലഞ്ഞിരിക്കുന്നവരുടെ സങ്കേതവും ആയുള്ളവനെ! നിനക്കു സ്തുതി. ആദിമുതലെ നിന്റെ രാജത്വവും തലമുറതലമുറവരെ തന്റെ അധികാരവും നിലനില്ക്കുന്ന രാജാവേ! നിനക്കുസ്തുതി. കുരുടന്മാരുടെ പ്രകാശവും വഴിതെററിപ്പോയവരെ വഴി കാണിക്കുന്നവനും ആയുള്ളവനെ! നിനക്കു സ്തുതി. നിരാശയിലിരിക്കുന്നവരുടെ ശരണവും സഹായമില്ലാത്ത എല്ലാവരുടേയും ആശ്രയവും ആയുള്ളവനെ! നിനക്കു

സ്തുതി. ഞങ്ങാം നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

ആമ്മീൻ

## 6 പ്രസംഗം

(അല്ലെങ്കിൽ സങ്കീത്തനങ്ങളും ഗീതങ്ങളും താഴെ കൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ. 90

ഗീതം: ജീവൻെറ ഉറവിടം ക്രിസ്തു...............

സങ്കീ: 91

ഗീതം: എന്നും നല്ലവൻ യേശു എന്നും നല്ലവൻ....

## 7 നിശബ്ദ – ധ്യാനനിമിഷങ്ങൾ

## 8 വേദഭാഗങ്ങൾ

(സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞു് ഒരു മിനിട്ട് നിശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം:–**വിശുദ്ധി, വിശ്വാസം ദൈവാശ്രയം.**

— 'നിങ്ങളുടെ ദൈവമായ യഹോവയെന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ' (ലേവ്യ. 19:2b).

— 'ശുദ്ധീകരണം കൂടാതെ ആരും കത്താവിനെ കാണുകയില്ലാ' (എബ്രായ 12:14b).

— 'ഹൃദയശുദ്ധിയുള്ളവർ, ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും' (മത്തായി. 5:8).

—'വിശ്വാസമെന്നതോ ആശിക്കുന്നതിന്റെ ഉറപ്പും, കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു' (എബ്രാ. 11:1).

—'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു്. ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു് പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്തു് നിങ്ങളും ഇരിക്കേണ്ടതിനു്, പിന്നെയും വന്നു് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും' (യോഹ. 14:1 –3).

—'യേശു ദൈവപുത്രനെന്നു് വിശ്വസിക്കുന്നവനല്ലാതെ, ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ?' (1 യോഹ. 5:5)

—'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' (റോമ. 1:17b).

—'ഞാൻ യഹോവയെ, എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു. അവൻ എന്റെ വലതുഭാഗത്തുള്ളതുകൊണ്ടു്, ഞാൻ കുലുങ്ങിപ്പോകയില്ല' (സങ്കീ. 16:8).

—'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ, സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ' (1 പത്രോ. 5:7).

—'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' (മത്താ. 11:28).

## പ്രാർത്ഥന

പരിശുദ്ധാത്മാവാം ദൈവമേ, അവിടുത്തെ വിശുദ്ധി ഞങ്ങളിൽ പകരേണമേ. കാപട്യമില്ലാത്ത വിശ്വാസത്തിൽ ഞങ്ങളുടെ ആത്മാക്കളെ അവിടുന്നു ബന്ധി

ക്കേണമേ. വിശ്വസിക്കുന്നതിലും ആശ്രയിക്കുന്നതിലു മാണ് ഞങ്ങളുടെ ബലം എന്ന് മനസ്സിലാക്കുന്ന പരി പൂർണ്ണ സമർപ്പണത്തിൻെറ ജീവിതശൈലി ഞങ്ങളിൽ സ്ഥിരപ്പെടുത്തേണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാത്ഥനാ വിഷയം: **രോഗികൾ, ആതുര സേവനം**

(13–ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നതു് കാണുക.)

നായകൻ : 'അവക്ക് ജീവനുണ്ടാകുവാനും സമൃദ്ധി യായി ഉണ്ടാകുവാനുമായിട്ടാണ് ഞാൻ വന്നിരിക്കുന്നതു്' എന്നരുളിച്ചെയ്തവ നായ കത്താവേ! മനുഷ്യജീവിതത്തിൽ ശാരീരികവും മാനസികവും ആത്മീ യവുമായ രോഗങ്ങളാൽ ക്ലേശിക്കുന്നവ ക്ക് സമ്പൂർണ്ണ ആരോഗ്യം അനുഭവി ക്കുവാൻ അവിടുന്ന് കൃപയരുളണമെ.

പ്രതിവാക്യം : കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈ ക്കൊള്ളേണമേ.

നാ: ശാരീരികമായ രോഗങ്ങളാൽ കഷ്ടപ്പെടുന്ന പ്രത്യേ കിച്ച്, ക്യാൻസർ, കുഷ്ഠം, എയ്ഡ്സ് തുടങ്ങി യ മാരകരോഗങ്ങരം ബാധിച്ചിട്ടുള്ളവരെ നീ തൃക്കൺപാർക്കണമെ.

പ്ര: കർത്താവേ, ...........

നാ: രോഗികളായി വീടുകളിലും ആശുപത്രികളിലും കഴിയുന്ന എല്ലാവക്കും നിരാശ, നിസ്സഹായതാ ബോധം, വ്യാകുലത മുതലായവയിൽനിന്നു് നീ മോചനം കൊടുക്കണമേ.

പ്ര: കർത്താവേ, ...........

നാ: രോഗികൾ കൂടുതൽ ദൈവാശ്രയബോധമുള്ളവരും, തങ്ങളുടെ കഷ്ടങ്ങളെ കർത്താവിൻെറ കഷ്ടാനുഭവവുമായി ബന്ധിപ്പിച്ച് ധ്യാനിക്കുന്നവരും, തങ്ങളേക്കാൾ കഷ്ടപ്പെടുന്നവർ അനേകർ ഉണ്ടെന്ന ചിന്തയിൽനിന്ന് പ്രത്യാശയുൾക്കൊള്ളുന്നവരും, രോഗശയ്യയെ സ്വയപരിശോധനയ്ക്കുള്ള അവസരമായി സന്തോഷത്തോടെ സ്വീകരിക്കുന്നവരുമായിത്തീരുവാൻ നീ കരുണ ചെയ്യണമേ.

പ്ര: കർത്താവേ, ...........

നാ: രോഗവിമുക്തി പ്രാപിക്കുന്നവർ അങ്ങേയ്ക്കുവേണ്ടി സ്വയം പ്രതിഷ്ഠിക്കുന്നവരും നന്മ പ്രവർത്തിക്കുന്നവരുമായിത്തീരുവാൻ നീ സംഗതിയാക്കണമേ.

പ്ര: കർത്താവേ, ...........

നാ: രോഗികളിൽ ക്ഷമയുടേയും സഹനശക്തിയുടേയും ആത്മാവിനെ നീ നിറയ്ക്കണമെ.

പ്ര: കർത്താവേ, ...........

നാ: മാനസികമായി അനാരോഗ്യത്തിലിരിക്കുന്നവരും മാനസിക ക്ലേശമനുഭവിക്കുന്നവരുമായ എല്ലാവക്കും സമ്പൂർണ്ണ സൗഖ്യം അവിടുന്ന് പ്രദാനം ചെയ്യണമേ.

പ്ര: കർത്താവേ, ...........

നാ: പുകവലി, മദ്യപാനം, മയക്കമരുന്നുകളുടെ ഉപയോഗം, ദുഷിച്ച ജീവിതക്രമം എന്നിവമൂലം വ്യഥ അനുഭവിക്കുന്നവർക്ക് ആശ്വാസവും യഥാർത്ഥ മന: പരിവർത്തനവും ഉണ്ടാകുവാനും നീ ഇടയാക്കണമേ.

പ്ര: കർത്താവേ, ...........

നാ: രോഗികളെ പരിചരിക്കുന്നവർക്ക് ക്ഷമ, സഹാനുഭൂതി, എന്നിവ നല്കുകയും ''ഈ ചെറിയവരിൽ ഒരുത്തന് ചെയ്യുന്നതെല്ലാം'' കർത്താവിനു ചെയ്യ

ന്നു എന്ന ബോദ്ധ്യത്തോടെ സ്നേഹത്തിന്റെ ആത്മാവിൽ ശുശ്രൂഷിപ്പാനും നീ സംഗതിയാക്കണമേ.

പ്ര: കർത്താവേ, ...........

നാ: സഭയുടെ ആഭിമുഖ്യത്തിലും അല്ലാതെയും നടത്തുന്ന എല്ലാ ആതുര ശുശ്രൂഷാസംരംഭങ്ങളേയും അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ, ...........

നാ: ആശുപത്രികൾ, പുനരധിവാസ സംരംഭങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയെ നീ വാഴ്ത്തണമേ.

പ്ര: കർത്താവേ, ...........

നാ: ആതുരശുശ്രൂഷാരംഗത്തു് പ്രവർത്തിക്കുന്നവർ സ്നേഹത്തോടും, ജാഗ്രതയോടുംകൂടി തങ്ങളുടെ വേല ചെയ്യുന്നതിനും, നീതിപൂർവ്വമായി പ്രവർത്തിക്കുന്നതിനും വേണ്ട എല്ലാ കൃപകളേയും നീ ചൊരിഞ്ഞു കൊടുക്കണമേ.

പ്ര: കർത്താവേ, ...........

നാ: വ്യക്തികളായോ, സമൂഹങ്ങളായോ, പ്രസ്ഥാനങ്ങളായോ ആതുര ശുശ്രൂഷാരംഗത്തു് സാമ്പത്തികമായും അല്ലാതെയും സഹായം ചെയ്യുന്നവരെ നീ അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ, ...........

നാ: രോഗികൾക്കു് മാനസികമായും, ആത്മീയമായും പ്രയോജനം ലഭിക്കുവാൻ തക്കവിധത്തിൽ, ആത്മീയ നൽവരങ്ങൾ ലഭിച്ചിട്ടുള്ളവർ ഈ രംഗത്തേക്കു് കടന്നുവന്നു പ്രവർത്തിപ്പാനും ഞങ്ങൾ നിന്നോടു് പ്രാർത്ഥിക്കുന്നു.

പ്ര: കർത്താവേ, ...........

(പ്രത്യേകം ഓർത്തു പ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓർത്തു പ്രാർത്ഥിക്കുക)

## 10 ബോവൂസാ (യാക്കോബിന്റെ)

ഈശാ നാഥാ! വരിക തുണപ്പാൻ വിളികൂട്ടുന്ന
പ്രാത്ഥന കേട്ടിട്ടാത്മാക്കാംമേൽ കൃപചെയ്യേണം.

പ്രാത്ഥനയാം വാരം ധീരന്മാർക്കൌന്നത്യം നൽകി
പോരാട്ടത്തിൽ ശ്രേഷ്ഠന്മാർക്കീവാളാവശ്യം—

ദൈവകുമാരൻ നിമ്മിച്ചേററം മൂർച്ചവരുത്തി
പോരാടീടാൻ രാജഭടന്മാർക്കീവാളേകി.

പ്രാത്ഥിച്ചീടുന്നാത്മാവേ നീ കൊള്ളുക ധൈര്യം
നിൻപേർക്കെന്നും പ്രാത്ഥിക്കുന്ന ദൈവതനൂജൻ

ആ പ്രാത്ഥനയിൽ നിൻ പ്രാത്ഥനയും
ചേത്തീടേണം

തൽ പ്രാത്ഥനയാൽ നിൻ പ്രാർത്ഥനയും
കൈക്കൊണ്ടീടും

ദേവാ ദേവാ! ഉത്തരമരുളിക്കാരുണ്യം ചെ—
യ്തേകീടേണം മനുജാത്മാക്കാംക്കനുതാപം നീ.

## 11 കൗമാ — വിശ്വാസപ്രമാണം

# ഏഴാം ജാഗരണം

(ഏഴാം ഗ്രൂപ്പ്)

**1 സങ്കീർത്തനങ്ങൾ**

100, 103, 111

**2 ഗീതങ്ങൾ**

(i) (അൻപുടയോനെ' എന്ന രീതി)

കർത്താവേ എൻ പ്രാർത്ഥനയാൽ
സുസ്ഥിരവും ശുദ്ധിയുമുള്ള
നിന്നാത്മാവിനെ എന്നുള്ളിൽ
നിന്നായൊന്നു പുതുക്കണമെ.

ആ വിമലാത്മാവെന്നുള്ളിൽ
ദിവസംപ്രതി പാർത്തീടണമെ
മൗനം ഭീക്ഷിക്കാത്ത സമാ—
ധാനത്തോടത്തു വാഴണമെ.

കൃപയുള്ളോനെ റൂഹായെ
വീണ്ടും പുതുതാക്കണമെന്നിൽ
അതു നിൻ ഹിതമെന്നെക്കാണി—
ച്ചമല മനസ്സിൽ പാർക്കണമെ.

(ii) (അൻപുടയോനെ എന്ന രീതി)

എന്നാത്മാവിൻ ക്ഷീണത്തെ
എൻ നാഥാ നീ നീക്കണമെ
കന്യകമറിയാമിൻ മകനെ
കരുണ ചൊരിഞ്ഞീടണമെന്നിൽ

ഐഹിക നേട്ടത്തിനു പകരം
നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹിച്ചീ ലോകം
നിരസിപ്പാനും കൃപ ചെയ്ക.

അന്ത്യദിനത്തിൽ നാഥാ നീ
സന്തോഷിപ്പിക്കണമെന്നെ
ആത്മ ശരീര മനസ്സുകളാനിൻ
സ്തുതി പാടുന്നു കനിയണമെ.

(iii) (അൻപുടയോനെ' എന്ന രീതി)

എന്നെത്തന്നെ സന്നിധിയിൽ
കാഴ്ചയണപ്പാനും നാഥാ
എന്നെ നിനക്കു് സുഗന്ധമതായ്
അർപ്പിപ്പാനും കൃപ ചെയ്ക.

എൻ നാഥാ നിൻ തിരുമുമ്പിൽ
ആത്മശരീര മനസ്സുകളെ
ശോഭ കലർന്ന വിളക്കുകളായ്
ഞാൻ കത്തിപ്പാറാകണമെ

ആത്മശരീര മനസ്സുകളാം
എന്നുടെ തിരുമുൽക്കാഴ്ചകളെ
താത സുതാശ്വാസപ്രദനെ
അൻപോടു കൈക്കൊണ്ടീടണമെ.

**3 കൗമാ:**

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും............

സ്വർഗ്ഗസ്ഥനായ പിതാവേ.............................

കൃപനിറഞ്ഞ മറിയമേ.............................

**4 കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങിപ്പോയവർ ഇവരുടെ സ്മരണ** (ആരാധനസ്ലൂപയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക)

ഭാഗ്യനിധീ! മറിയാമേ! ദൈവ......................
ജീവകരം മൃതികരമെന്നേവം.......................
ക്ഷേമമൊട — ഞ്ഞെഴന്നെള്ളകസാക്ഷാ...............
ആശ്വാസം — സ്മൃതിയൊടുമൃതതാത................

## 5 പ്രതിഷ്ഠാ പ്രാർത്ഥന

ദൈവമായ കർത്താവേ നിൻെറ കൃപയെ ഞങ്ങൾ നിരസിക്കുന്നില്ല. നീ ഞങ്ങൾക്കു തന്നിട്ടുള്ള വരങ്ങളെ ഞങ്ങൾ നിഷേധിക്കുന്നില്ല. ഞങ്ങളോടുള്ള നിൻെറ പ്രവൃത്തികളെ ഞങ്ങൾ മറക്കുന്നില്ല. എങ്കിലും ഞങ്ങൾ നിൻെറ കരുണകൾക്കു അയോഗ്യരെന്നു് സമ്മതിക്കുന്നു. നിൻെറ കൃപ ഞങ്ങളുടെമേൽ ശക്തിപ്പെട്ടു എന്നു ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങൾ അയോഗ്യരായിരിക്കുമ്പോൾ നീ ഞങ്ങളെ ബഹുമാനിച്ചു എന്നു ഞങ്ങൾ സമ്മതിക്കുന്നു. ആ വേശ്യാ സ്ത്രീയെപ്പോലെ ഞങ്ങൾ ഞങ്ങളുടെ പാപങ്ങളെ ഏററുപറയുന്നു. അവൾക്കെന്നപോലെ നീ ഞങ്ങൾക്കു പാപപരിഹാരം നൽകണമേ. ആ ക്നാനായക്കാരിയെപ്പോലെ ഞങ്ങൾ ഞങ്ങളുടെ കുററങ്ങളെ ഏററുപറയുന്നു. അവളെപ്പോലെ ഞങ്ങളെ കൈക്കൊള്ളണമേ.

സ്നേഹാനിധിയായ കർത്താവേ! ഞങ്ങളുടെ വിചാരങ്ങൾകൊണ്ടും വചനങ്ങൾക്കൊണ്ടും പ്രവൃത്തികൾകൊണ്ടും ഞങ്ങളുടെ ജീവകാലമെല്ലാം ഞങ്ങൾ നിന്നെ കോപിപ്പിച്ചു എന്നു ഞങ്ങൾ ഏററുപറയുന്നു. ഇപ്പോൾ കർത്താവെ! ഞങ്ങൾ നിൻെറ അടുക്കലേയ്ക്കു തിരിഞ്ഞിരിക്കുന്നു. ഞങ്ങളുടെ കർത്താവെ! ഞങ്ങളുടെ പാപങ്ങളെ മായിച്ചുകളഞ്ഞു് ഞങ്ങളുടെ കുററങ്ങളെ കഴുകണമെ. ഞങ്ങളുടെ പാപങ്ങളിൽനിന്നു ഞങ്ങളെ വെടിപ്പാക്കണമെ.

തെററുകളിൽ നിന്നു നീ ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളുടെ കർത്താവേ! നിൻെറ ദയയാകുന്ന സോപ്പാകൊണ്ടു് നിൻെറ കരുണയാകുന്ന വെള്ളം ഞങ്ങളുടെ മേൽ തളിക്കണമേ. എല്ലായ്പ്പോഴും നിന്നെ സ്തോത്രം ചെയ്‌വാൻ ചലിച്ചുകൊണ്ടിരിക്കുന്ന വെടിപ്പുള്ള ഹൃദയം പുതുതായിട്ടു് ഞങ്ങളിൽ സൃഷ്ടിക്കണമേ. നിന്നെ സ്തുതിപ്പാൻ ഞങ്ങളുടെ ചുണ്ടുകളെ തുറക്കണമേ. രാവും പകലും പുണ്യവാന്മാരോടുകൂടെ ഞങ്ങൾ നിന്നെ പുകഴ്ത്തുമാറാകണമേ. അതു നിൻെറ ശുശ്രൂഷകന്മാരായ മാലാഖമാരുടേയും നിന്നെ തൃപ്തിപ്പെടുത്തുന്നവരായ പുണ്യവാന്മാരുടേയും പ്രാർത്ഥനകളാൽ തന്നെ.

ആമ്മീൻ.

6 **പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെ കൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ: 115

ഗീതം: അനുഗ്രഹത്തിന്നധിപതിയെ...............

സങ്കീ: 116

ഗീതം: അഖിലം ഞാനാരാഞ്ഞിട്ടും................

## 7 നിശബ്ദ-ധ്യാനനിമിഷങ്ങൾ

8 **വേദഭാഗങ്ങൾ** (സാവധാനമായി, ധ്യാനിച്ചു് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞു് ഒരു മിനിട്ടു് നിശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം:– **പാപം, പാപഫലം, ശിക്ഷണം**

— 'മുൻകോപി ഭോഷത്വം പ്രവർത്തിക്കുന്നു; ദുരുപായി ദ്വേഷിക്കപ്പെടും.' (സദൃ. 14:17).

—'എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും, ന്യായവിധി ദിവസം കണക്കു ബോധിപ്പിക്കേണ്ടി വരുമെന്ന്, ഞാൻ നിങ്ങളോട് പറയുന്നു.' (മത്താ. 12:36).

—'സൂര്യൻ അസ്തമിക്കുവോളം, നിങ്ങൾ കോപം വെച്ചു കൊണ്ടിരിക്കരുത്'' (എഫേ. 4:26b)

—'നാശത്തിന്നുമുമ്പേ ഗർവ്വം, വീഴ്ചയ്ക്കു മുമ്പേ ഉന്നത ഭാവം' (സദൃ. 16:18).

—'ഏഷണിക്കാരൻ മിത്രങ്ങളെ ഭേദിപ്പിക്കുന്നു' (സദൃ. 16:28b).

—'കോഴ ജ്ഞാനിയെ പൊട്ടനാക്കുന്നു' (സഭാപ്ര. 7:7a)

—'വീഞ്ഞു് പരിഹാസിയും, മദ്യം കലഹക്കാരനുമാകുന്നു' (സദൃ. 20:1a).

—'പാപത്തിന്റെ ശമ്പളം മരണമത്രേ' (റോമ. 6:23a)

—'അറിയാതെ കണ്ട അടിക്കു് യോഗ്യമായതു് ചെയ്തവനോ, കുറയ അടികൊള്ളും.' (ലൂക്കോ. 12:48a).

—'നല്ല മനുഷ്യനോ, തന്റെ പ്രവൃത്തിയാൽതന്നേ, തൃപ്തി വരും' (സദൃ. 14:14b).

—'പലരേയും നീതിയിലേക്കു് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും, എന്നും എന്നേക്കും പ്രകാശിക്കും'. (ദാനി. 12:3b).

—'വടി ഉപയോഗിക്കാത്തവൻ, തന്റെ മകനെ പകെക്കുന്നു. അവനെ സ്നേഹിക്കുന്നവനോ, ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു.' (സദൃ. 13:24).

## പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനായ യേശുതമ്പുരാനെ, പാപസ്വഭാവത്തിൽ നിന്നും പാപഫലത്തിൽ നിന്നും അവിടുന്നു ഞങ്ങളെ രക്ഷിക്കുവാൻവേണ്ടി വന്നു. പാപക്ഷമയുടെയും അവിടുത്തെ കൃപയുടെയും ആത്മവിശ്വാസത്തോടെ ശിക്ഷണബോധമുള്ള ഒരു ജീവിതം നയിക്കുവാൻ ഞങ്ങളെ ശക്തരാക്കേണമേ. ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാർത്ഥനാ വിഷയം: **വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ,**

(13-ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നത് കാണുക.)

നായകൻ: സർവ്വജ്ഞാനത്തിൻെറയും ഉറവിടമായ മശിഹാതമ്പുരാനെ, നിൻെറ ജ്ഞാനത്തെ ഉൾക്കൊള്ളുവാനും അതുവഴി ഞങ്ങൾ പ്രകാശിതരായിത്തീരുവാനും ഞങ്ങൾക്ക് സംഗതിയാകണമേ.

പ്രതിവാക്യം: കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: വിദ്യാഭ്യാസ സംബന്ധമായ എല്ലാ സ്ഥാപനങ്ങളേയും സംരംഭങ്ങളേയും അവിടുത്തെ മഹാജ്ഞാനത്തിൻേറയും അനുഭവത്തിൻെറയും വെളിച്ചത്തിൽ പ്രകാശിപ്പിക്കേണമേ.

പ്ര: കർത്താവേ,..................

നാ: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൗതികമായ അറിവുകൾക്കുപരി ധാർമ്മികവും ആദ്ധ്യാത്മികവുമായ അറിവ് പകർന്നുകൊടുക്കുവാൻ സംഗതിയാകണമേ.

പ്ര: കർത്താവേ..................

നാ; സ്കൂളുകൾ, കോളേജുകൾ, ഇതര വിദ്യാഭ്യാസ സംരംഭങ്ങൾ എന്നിവയെ നീ അനുഗ്രഹിക്കുമാറാകണമേ.

പ്ര: കർത്താവേ,............................

നാ: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമാധാനപരമായ അന്തരീക്ഷം സംസ്ഥാപിതമാകുന്നതിനും, സ്വജനപക്ഷപാതവും അഴിമതിയും ഇല്ലാതാക്കി,

ഉത്തമമായ ഗുരുശിഷ്യ ബന്ധം കെട്ടിപ്പടുക്കുന്നതിനും വിദ്യാർത്ഥികൾ തമ്മിലുള്ള ബന്ധം കൂടുതൽ ആഴമാക്കുന്നതിനും, ആത്മാർത്ഥവും ഊടുററതും സാന്മാർഗ്ഗിക നിയമങ്ങൾക്കനുസൃതവുമായി വിദ്യാഭ്യാസ ജീവിതത്തെ ക്രമപ്പെടുത്തുന്നതിനും സഹായിക്കണമേ.

പ്ര: കർത്താവേ,...................

നാ: സഭവകയായി നടത്തപ്പെടുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ,...................

നാ: ദൈവവിളിക്കനുസൃതമായി, പഠനകാര്യങ്ങളിൽ കൂടുതൽ ശ്രുഷ്ക്കാന്തി പ്രദർശിപ്പിക്കുന്നവരും, പുകവലി, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം അസന്മാർഗ്ഗിക ജീവിതം എന്നിവയിൽനിന്ന് ഒഴിഞ്ഞിരിക്കുന്നവരുമായിത്തീരുവാൻ വിദ്യാർത്ഥികൾക്ക് നീ സംഗതിയാക്കണമേ.

പ്ര: കർത്താവേ,...................

നാ: അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ചുമതലാബോധവും അർപ്പണബുദ്ധിയും നല്ല മാതൃകാജീവിതവും, വളർന്നുവരുവാൻവേണ്ടി ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

പ്ര: കർത്താവേ,...................

(പ്രത്യേകം ഓർത്തുപ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓർത്തുപ്രാർത്ഥിക്കുക)

## 10 ബോവൂസാ (യാക്കോബിന്റെ)

ഈശാ! നാഥാ! വരിക തുണപ്പാൻ വിളിക്കുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം.

ദൈവതനുജൻ ന്യായവിധിക്കായ് വന്നീടുന്നു
ഭീകരനാമാവിധിനായകനെ യാർ പേടിക്കാ.

ജ്വാലയതാകും വടിയാൽ ന്യായം പാലിക്കുന്നോൻ
തീയിൻ നാവാൽ നീതിപ്രിയരെ വേറാക്കീടും.
പൊന്നെന്നോണം സർവ്വജഗത്തും പരിശോധിക്കും
മാലിന്യത്തെ സർവ്വം ദഹനൻ വെണ്ണീറാക്കും.

സോദരരേ! നാം പുത്രാഗമനം പേടിക്കേണം
ഏവന്നുമിപ്പോഴനുതാപം താനഭയസ്ഥാനം.
എൻമാലിന്യം വെളിവായ്ക്കാണും നൃപനാം മശിഹാ!
ന്യായത്തീർപ്പിൻ വേളയിലെന്മേൽ കൃപചെയ്യേണം.

## 11 കൗമ–വിശ്വാസപ്രമാണം

# എട്ടാം ജാഗരണം

(എട്ടാം ഗ്രൂപ്പ്)

## 1 സങ്കീർത്തനങ്ങൾ

118, 119 (ആലേഫ്), 119 (ബേത്ത്)

## 2 ഗീതങ്ങൾ

i) എൻെറ ദൈവം മഹത്വ.......................
ii) യേശു എന്നടിസ്ഥാ...............................
iii) എനിക്കായി കരുതാമെന്നു്...................

## 3 കൗമാ:

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും........
സ്വർഗ്ഗസ്ഥനായ പിതാവേ..............................
കൃപ നിറഞ്ഞ മറിയമേ..................................

## 4 കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങിപ്പോയവർ ഇവരുടെ സ്മരണ (ആരാധനക്കുപയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക.)

ജനനീ, പരിശുദ്ധ—പ്രാർത്ഥനയാൽ നാഥാ ! ........
മറിയാമ്മിൻ സ്മരണം..................................
പരിശുദ്ധ ശ്ളീഹാ......................................
നിൻ ശരണേ മൃതരാം..................................
സുസ്മൃതി ജനനിക്കും..................................
ജനനീ, പരിശുദ്ധ.......................................

## 5 പ്രതിഷ്ഠാ പ്രാർത്ഥന

ചുങ്കക്കാർക്കും വേശ്യാസ്ത്രീകൾക്കും പാപപരിഹാരം നൽകിയവനെ ! ഞങ്ങളുടെ കുററങ്ങൾക്കു നീ പരി

ഹാരം നൽകണമേ. കള്ളന്മാരേയും പീഡിപ്പിക്കുന്നവരേയും മനസ്സു തിരിപ്പിച്ചവനെ ! നിൻെറ സത്യത്തിലേയ്ക്കു് ഞങ്ങളെ തിരിപ്പിക്കണമെ. മുട്ടുവിൻ തുറക്കുമെന്നു് അരുളിച്ചെയ്തവനെ ! നിൻെറ വാതിൽ ഞങ്ങൾക്കു് തുറന്നുതരണമെ. സാധുക്കളുടെ നിലവിളിയെ മറക്കാത്തവനേ ! ഞങ്ങളുടെ പാപാവസ്ഥയുടെ നിലവിളിയെ മറക്കരുതെ. തന്നിലാശ്രയിക്കുന്ന എല്ലാവർക്കും സഹായം ചെയ്യുന്നവനെ ! നിൻെറ വലത്തു തൃക്കൈയാൽ ഞങ്ങളെ സഹായിക്കണമെ. ദുഃഖിതന്മാരുടെ അപേക്ഷയെ നിന്ദിക്കാത്തവനെ! അരിഷ്ടരായ ഞങ്ങളുടെ അപേക്ഷയെ നിന്ദിക്കരുതെ. വ്യസനിച്ചിരിക്കുന്നവരുടെ ഹൃദയത്തെ നിരാകരിക്കാത്തവനെ ! നിൻെറ സന്നിധിയിൽ നിന്നു നീ ഞങ്ങളെ നിരാകരിച്ചു് തള്ളിക്കളയരുതെ. തൻെറ സൃഷ്ടിയെ കൈവിടാതിരിക്കുന്നവനെ ! നീ ഞങ്ങളെ കൈവിട്ടുകളയരുതെ. മനോവേദനയിലിരിക്കുന്നവക്കു് അടുത്തിരിക്കുന്നവനെ ! ഞങ്ങളുടെ ആത്മാവിനെ നിൻെറ രക്ഷയിലേയ്ക്കു അടുപ്പിക്കണമെ. നശിച്ചുപോയവരെ നിരാശപ്പെടുത്താത്തവനെ ! ഞങ്ങളുടെ ജീവനെക്കുറിച്ചു് നീ ഞങ്ങൾക്കു നിരാശ വരുത്തരുതെ.

കർത്താവേ, ഞങ്ങളുടെ ശത്രുക്കൾക്കു് ഞങ്ങളെ ഏൽപിച്ചുകൊടുക്കാതെ നിൻെറ അടുക്കലേയ്ക്കു ഞങ്ങളെ അടുപ്പിച്ചു് നിൻെറ തൊഴുത്തിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കണമെ. ആ ചുങ്കക്കാരനെപ്പോലെ ഞങ്ങളെ നീതികരിക്കണമെ. ആ കള്ളനു് എന്നപ്രകാരം ഞങ്ങൾക്കു് പാപപരിഹാരം നൽകണമെ. ആ വേശ്യാസ്ത്രീയെപ്പോലെ ഞങ്ങളെ കഴുകണമെ. നിൻെറ അറിവിൻപ്രകാശത്താൽ ഞങ്ങളുടെ അന്ധകാരാവസ്ഥയെ പ്രകാശിപ്പിക്കണമെ. അറിവോടും അറിവുകൂടാതെയും ഞങ്ങൾ നിൻെറ തിരുമുമ്പാകെ തെററായി ചെയ്തുപോയിട്ടുള്ള സകല കുററങ്ങൾക്കും പാപങ്ങൾക്കും മോചനം നൽകണമെ. ഞങ്ങളുടെ കർത്താവേ ! ഞങ്ങൾ മററുള്ളവരോടു ക്ഷമിപ്പാനും നീ ഞങ്ങളുടെ കുററങ്ങളെ ക്ഷമിപ്പാനും ഞങ്ങൾക്കു് കൃപ നൽകണമെ. അതു നീ കൈ

കൊണ്ടിട്ടുള്ള അനുതാപികളും നീ നീതീകരിച്ചിട്ടുള്ള പാപികളുമായ എല്ലാവരുടേയും പ്രാർത്ഥനകളാൽതന്നെ.
ആമ്മീൻ.

**6 പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെക്കൊടുത്തിരിക്കുന്ന പ്രകാരം).

സങ്കീ: 119 (ഗീമെൽ)
ഗീതം: എന്റെ യേശു എനിക്കു നല്ലവൻ........
സങ്കീ: 119 (ദാലെത്ത്)
ഗീതം: കരുണക്കടലേ ഞാൻ നോക്കും...........

## 7 നിശബ്ദ – ധ്യാനനിമിഷങ്ങൾ

## 8 വേദഭാഗങ്ങൾ

(സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞു് ഒരു മിനിട്ട് നിശബ്ദമായി ധ്യാനിക്കണം).

പ്രധാനവിഷയം:– **കഷ്ടത**

— 'ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, കഷ്ടം അനുഭവിപ്പാനുംകൂടെ നിങ്ങൾക്കു് വരം നൽകിയിരിക്കുന്നു.' (ഫിലി. 1: 29 b)

— 'കഷ്ടത സഹിഷ്ണതയെയും, സഹിഷ്ണത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു, നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു' (റോമ. 5:3, 4)

— 'അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്നു, നമ്മുടെ ഗുണത്തിനായി തന്നേ, ശിക്ഷിക്കുന്നതു്.' (എബ്രാ. 12: 10 b)

— 'പുത്രൻ എങ്കിലും, താൻ അനുഭവിച്ച കഷ്ടങ്ങളാൽ, അനുസരണം പഠിച്ച്, തികഞ്ഞവനായി.' (എബ്രാ. 5: 8)

— 'നാം അനേക കഷ്ടങ്ങളിൽകൂടി, ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടതാകുന്നു.' (അപ്പോ. 14: 22)

— 'നിൻെറ ചട്ടങ്ങരം പഠിപ്പാൻതക്കവണ്ണം, ഞാൻ കഷ്ടതയിൽ ആയിരുന്നതു് എനിക്കു് ഗുണമായി.' (സങ്കീ. 119: 71)

## പ്രാർത്ഥന

കർത്താവേ, ഞങ്ങളിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങരം സാരമില്ല എന്നു കരുതുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങരം നിന്റെ വാഗ്ദത്തങ്ങളിൽ പ്രത്യാശവച്ചുകൊണ്ടു്, ഞങ്ങരംക്കുണ്ടാകുന്ന എല്ലാ അനുഭവങ്ങളെയും ധൈര്യപൂർവ്വം നേരിടുവാൻ ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങരംക്കു കഷ്ടങ്ങരം ഉണ്ടാകുന്നതുപോലെ നിൻെറ ആശ്വാസവും ഞങ്ങരംക്കു ലഭിക്കുന്നു എന്നു ഞങ്ങരം ഓർക്കുന്നു. ആകയാൽ ഞങ്ങളുടെ ക്ലേശങ്ങളും വൈഷമ്യങ്ങളും നിൻെറ കരുണയും കൃപയും ആസ്വദിക്കുന്നതിനുള്ള അവസരങ്ങളും മുഖാന്തരങ്ങളും ആക്കിത്തീർക്കേണമേ. ഞങ്ങരം ഇടവിടാതെ നിന്നെയും, ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച പിതാവിനെയും, ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെയും സ്തോത്രം ചെയ്യുമാറാകണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാർത്ഥനാവിഷയം: **എക്യൂമെനിക്കൽപ്രസ്ഥാനം**

(13–ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നതു കാണുക.)

നായകൻ : നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു്, പിതാവേ നീ

എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ട തിനുതന്നെ എന്നു പ്രാർത്ഥിച്ച കർത്താവേ, അവിടുന്നു് ലോകത്തെക്കുറിച്ച് ആഗ്രഹിക്കുന്നതായ ഐക്യം സൃഷ്ടി മുഴുവനിലും പ്രത്യേകിച്ച് സഭയിലും നിറവേററപ്പെട്ടുവാൻ സംഗതിയാകണമെ.

പ്രതിവാക്യം : കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ

നാ: നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു് ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരാകേണ്ടതിനു് തൻെറ പിതാവിനോടു് അപേക്ഷിച്ചവനായ കർത്താവേ, ക്രൈസ്തവസമൂഹത്തിൽ കാതോലികവും അപ്പോസ്തലികവുമായ ഐക്യം അനുപർത്ഥമായിത്തീരുവാൻ നടത്തപ്പെടുന്ന എല്ലാ പരിശ്രമങ്ങളേയും അവിടുന്നു അനുഗ്രഹിച്ച് ഫലവത്താക്കിത്തീർക്കേണമെ.

പ്ര: കർത്താവേ, ...................

നാ: സ്വാർത്ഥവും, സങ്കുചിതവുമായ താല്പര്യങ്ങളെക്കാരം സഭയുടെ ഐക്യത്തിനും യോജിപ്പിനും മുൻതൂക്കംകൊടുത്തു് ലോകത്തിനു് ക്രിസ്തുവിലേക്കുള്ള വഴികാണിക്കുന്ന ഏക സഭയായിത്തീരുന്നതിനുള്ള പരിശ്രമങ്ങരം നടത്തുവാൻ സഭാ നേതാക്കന്മാർക്കും വിശ്വാസികരംക്കും വേണ്ട ജ്ഞാനവും പരിശുദ്ധാത്മകൃപയും അവിടുന്നു് പ്രദാനം ചെയ്യണമെ.

പ്ര: കർത്താവേ, ... ...............

നാ: ആഗോളതലത്തിലും ദേശീയതലങ്ങളിലും പ്രവർത്തിക്കുന്ന എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളെ പ്രത്യേകിച്ച് അഖിലലോക സഭാ കൗൺസിൽ, സഭകളുടെദേശീയകൗൺസിൽ, കേരളസഭാ കൗൺസിൽ എന്നിവയെ നീ അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ, ................

നാ: സഭാ ജീവിതത്തിൽ ക്രിയാത്മകപങ്കാളിത്തത്തോടൊപ്പം പരസ്പരം സഹകരണത്തിൻേറയും ഐക്യത്തിൻേറയും പാതയിൽ പുരോഗമിക്കുവാനും സമാധാനം സംസ്ഥാപിക്കുവാനുമുള്ള സന്മനസ്സും ത്യാഗബുദ്ധിയും എല്ലാ സഭാവിശ്വാസികൾക്കും നീ നല്കണമേ.

പ്ര: കർത്താവേ, ................

നാ: സഭകൾ തമ്മിൽ ഔദ്യോഗികമായും അനൗദ്യോഗികമായും നടത്തപ്പെടുന്ന ഐക്യസംഭാഷണങ്ങൾ ശുഭമായിത്തീരുവാൻ പരിശുദ്ധാത്മശക്തി സഭാനേതാക്കളിൽ പ്രവർത്തിക്കുമാറാകണമേ.

പ്ര: കർത്താവേ, ...........

നാ. എല്ലാ സഭകളുടേയും സഹകരണത്തിലും കൂട്ടായ പ്രവർത്തനത്തിലും നടത്തപ്പെടുന്ന വൈ. എം. സി. എ., വൈ. ഡബ്ളിയൂ. സി. എ., എസ്. സി. എം., ഡബ്ളിയൂ. എസ്. സി. എഫ്., ബൈബിൾ സൊസൈററി മുതലായ പ്രസ്ഥാനങ്ങളേയും അവരുടെ സംരംഭങ്ങളേയും അവിടുന്ന് വാഴ്ത്തി അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ,...................

(പ്രത്യേകം ഓർത്തു പ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓർത്തു പ്രാത്ഥിക്കുക.)

## 10 ബോവൂസാ (യാക്കോബിൻേറ)

ഈശാ നാഥാ! വരിക തുണപ്പാൻ വിളിക്കുന്നു
പ്രാത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം

ബാഷ്പംമൂലം മുഖമത്യന്തം പങ്കിലമാക്കി
വിങ്ങിക്കേഴും പാതകി പാർത്താൽ ഹാ! കമനീയൻ

മൂല്യംകൂട്ടും രത്നത്തേക്കാറം പാരം കാമ്യം
താപത്താലേ പാതകിതൂകും കണ്ണീർ തുള്ളി.

നീയനുതാപം ചിത്രമതാക്കാൻ നോക്കുന്നെങ്കിൽ
വർണ്ണച്ഛായം കൈക്കൊള്ളേണ്ടാ കണ്ണീരേൽക്കു

താപത്തിൻ വൻപെരുനാളല്ലൊ കണ്ണീർവർഷം
കണ്ണീരാലേ മോചനമാർജ്ജിച്ചാനന്ദിക്കു

ദേവാദേവാ! ഉത്തരമരുളിക്കാരുണ്യം ചെ–
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

## 11 കൗമാ–വിശ്വാസപ്രമാണം

# ഒമ്പതാം ജാഗരണം

(ഒമ്പതാം ഗ്രൂപ്പ്)

1 **സങ്കീർത്തനങ്ങൾ**

119 (ഹേ), 119 (വൌ), 119 (സയിൻ)

2 **ഗീതങ്ങൾ**

(i) കാണുക നീയീ കാരുണ്യവാനേ ...............

(ii) ഞാൻ വരുന്ന ക്രൂശിങ്കൽ.......................

(iii) ഇന്നെയോളം തുണച്ചോനേ......................

3 **കൗമ**

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും............

സ്വർഗ്ഗസ്ഥനായ പിതാവേ..............................

കൃപ നിറഞ്ഞ മറിയമേ...................................

4 **കന്യകമറിയാം, വിശുദ്ധന്മാർ, വാങ്ങിപ്പോയവർ ഇവരുടെ സ്മരണ** (ആരാധനയ്ക്കുപയോഗിക്കുന്ന താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക.)

എരിതീ നിരവിട്ടീറേ ദൂതനിറ.......................

ലോകം താതസഹോദരർ ജാതിയതും.................

കർത്താവേ! നിൻ രക്തശരീരങ്ങൾ

## 5 പ്രതിഷ്ഠാ പ്രാർത്ഥന

ഞങ്ങളുടെ കർത്താവെ! ഈ സമയത്തെ അനുഗ്രഹകരമായും ആശ്വാസകരമായും സന്തോഷകരമായും ആക്കിത്തീർക്കണമേ. ഈ സമയത്തു ദുഷ്ടമനുഷ്യരിൽനിന്നും വഞ്ചകനായ അയല്ക്കാരനിൽനിന്നും യുദ്ധം ചെയ്യുന്ന സാത്താനിൽനിന്നും ദോഷകരമായ നാഴികയിൽനിന്നും നശിപ്പിക്കുന്നതായ കെണിയിൽനിന്നും വ്യസനിപ്പിക്കുന്നതായ സംഭവത്തിൽനിന്നും വഞ്ചനയുടെ സംസാരത്തിൽനിന്നും വിരുദ്ധമുണ്ടാക്കുന്ന വചനങ്ങളിൽനിന്നും പാപവിരുദ്ധതകളിൽനിന്നും അറിവില്ലായ്മയുടെ തെറ്റുകളിൽനിന്നും ഉന്നതപ്പെടുന്ന വൈരിയിൽനിന്നും പ്രതികാരം ചെയ്യുന്ന ശത്രുവിൽനിന്നും ഹീനമനുഷ്യരിൽനിന്നും അശുദ്ധപ്രവൃത്തികളിൽനിന്നും നിന്ദ്യമായ ധ്യാനത്തിൽനിന്നും അശുദ്ധ വിചാരങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

ഞങ്ങളുടെ നാഥനായ കർത്താവെ! നിന്റെ ദയയാൽ പരിപാകതയുള്ള ശരീരവും പ്രകാശമുള്ള നാവും അടക്കമുള്ള ആലോചനയും ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ ജീവനു ഗുണമുള്ളതും നിന്റെ കർത്തൃത്വത്തിങ്കൽ പ്രസാദമുള്ളതുമായ സംഗതികൾ ഞങ്ങളിൽ നടത്തണമേ. ഞങ്ങൾക്കു മതിയായ ആഹാരവും ഞങ്ങൾക്കു പ്രയോജനമുള്ള ധനവും ആത്മപരിപാലനവുംകൊണ്ട് ഞങ്ങളെ പോററണമേ. അക്രമത്തെ ദ്വേഷിക്കയും അപഹാരത്തെ വിട്ടോടിയൊളിക്കുകയും പാപത്തെ വെറുക്കുകയും തിന്മയിൽനിന്ന് അകലുകയും ചെയ്‌വാനും ഞങ്ങളുടെ പിതാക്കന്മാരെ അനുസരിപ്പാനും ഞങ്ങളുടെ ഭരണക്കാർക്കു കീഴ്പ്പെടുവാനും ഞങ്ങളുടെ സ്നേഹിതന്മാരെ ആശ്വസിപ്പിപ്പാനും ഞങ്ങളുടെ ചാർച്ചക്കാരെ ബഹുമാനിപ്പാനും ഞങ്ങൾ പ്രവർത്തിക്കുന്ന സകലത്തിലും നിന്റെ പരിശുദ്ധ തിരുനാമം മഹത്വപ്പെടുവാനും ഇടയാക്കണമേ. അതു നിബിയന്മാരുടേയും ശ്ലീഹന്മാരുടേയും സഹദേന്മാരുടേയും മൌദ്യാനന്മാരുടേയും പ്രാർത്ഥനയാൽതന്നെ.

ആമ്മീൻ.

**6 പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെകൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ: 119 (ഹേത്ത്)

ഗീതം: ക്രൂശിന്മേൽ ക്രൂശിന്മേൽ..................

സങ്കീ: 119 (തേത്ത്)

ഗീതം: യേശു എൻ അഭയകേന്ദ്രം....................

## 7 നിശബ്ദ - ധ്യാനനിമിഷങ്ങൾ

## 8 വേദഭാഗങ്ങൾ

(സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞ് ഒരു മിനിട്ട് നിശബ്ദമായി ധ്യാനിക്കണം.

പ്രധാന വിഷയം:— **ദൈവസംരക്ഷണം**

— 'പുരാതനനായ ദൈവം നിന്റെ സങ്കേതം. കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്' (ആവ. 33: 27 a).

— 'ഞാൻ നിന്നെ കൈവിടുകയില്ല; ഉപേക്ഷിക്കയുമില്ല. ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക' ( യോശു 1:5c).

— 'ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു. കഷ്ടങ്ങളിൽ അവൻ, ഏററവും അടുത്ത തുണയായിരിക്കുന്നു' (സങ്കീ. 46:1).

— 'നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെയുണ്ട്; ഭ്രമിച്ചു നോക്കേണ്ടാ; ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ട് ഞാൻ നിന്നെ താങ്ങും' (യെശ. 41:10).

—'എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായിക്കൂടി വ്യാപരിക്കുന്നു' (റോമ. 8:28).

—'എൻെറ കൃപ നിനക്കു മതി. എൻെറ ശക്തി ബല ഹീനതയിൽ തികഞ്ഞുവരുന്നു' (2 കൊരി. 12:9a).

—'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ, നിങ്ങളു ടെ സകല ചിന്താകുലവും അവൻെറമേൽ ഇട്ടുകൊൾ വിൻ' (1 പത്രോ. 5:7).

—'സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു; എൻെറ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു; ലോ കം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്ന തു്. നിങ്ങളുടെ ഹൃദയം കലങ്ങരുതു്, ഭ്രമിക്കുകയുമ രുതു്'' (യോഹ. 14:27).

## പ്രാർത്ഥന

ദൈവമെ! അവിടുന്നു തലമുറ തലമുറയായി ഞങ്ങളു ടെ സങ്കേതമാകുന്നു. വീഴാതവണ്ണം ഞങ്ങളെ സൂക്ഷിക്കു ന്നതും, നിൻെറ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ ഞങ്ങളെ നിറുത്തുന്നതും നിൻെറ ശക്തി യാകുന്നു. നാഥാ, നിൻെറ സാന്നിധ്യവും സംരക്ഷണവും ഞങ്ങൾക്ക് എല്ലായ്പോഴും അനുഭവപ്പെടണമേ. രോഗ ങ്ങളെയും, ദുഃഖങ്ങളെയും, ആകുലങ്ങളെയും, ശക്തിക്ക പ്പുറമായ എല്ലാ പരിശോധനകളെയും ഞങ്ങളിൽനിന്നു് നീക്കിക്കളയണമേ. തിരുമുഖശോഭ ഞങ്ങളിൽ ഉദിപ്പി ക്കണമേ. അങ്ങനെ ഞങ്ങൾ പിതാവിനും, പുത്രനും, പരിശുദ്ധറൂഹായുമായ നിന്നെ എന്നും സ്തുതിച്ചു വന്ദിക്കു മാറാകണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാത്ഥനാ വിഷയം: **വ്യക്തിത്വ ശുദ്ധീകരണം**

(13–ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നതു് കാണുക.)

നായകൻ : ഭയം, ആകുലചിന്ത, നിരാശ, നിന്റെ ശക്തിയിലുള്ള വിശ്വാസമില്ലായ്മ എന്നീ ബലഹീനതകളിൽനിന്നു് ഞങ്ങളെ രക്ഷിക്കണമേ.

പ്രതിവാക്യം : കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: നിന്റെ നിരന്തര സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോദ്ധ്യമില്ലായ്മ, പ്രാർത്ഥനയില്ലായ്മ, ദൈവിക വാഗ്ദത്തങ്ങളോടുള്ള വിസ്മൃതി, അമിതമായ സ്വാശ്രയം എന്നീ തെററുകളിൽനിന്നു് ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കർത്താവേ, ...........

നാ: അമിതമായ ദ്രവ്യാഗ്രഹത്തിൽനിന്നും പ്രതിഫലേച്ഛാഭരിതമായ സേവനത്തിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ.

പ്ര: കർത്താവേ, ...........

നാ: ദുർവികാരങ്ങൾ, ദുശ്ശീലങ്ങൾ, അശുദ്ധമായ പെരുമാററങ്ങൾ എന്നിവയിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ.

പ്ര: കർത്താവേ, ...........

നാ: ക്ഷമയില്ലായ്മ, സഹനശക്തിയില്ലായ്മ, നന്ദിയില്ലായ്മ എന്നീ കുറവുകളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കർത്താവേ, ...........

നാ: മേലുള്ളവരോടുള്ള ബഹുമാനമില്ലായ്മ, മത്സരം, അസൂയ എന്നീ തെററായ ശീലങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കർത്താവേ, ...........

നാ: കപടസ്നേഹം, വ്യാജം, വഞ്ചന എന്നീ പാപങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കർത്താവേ, ...........

നാ: മുൻകോപം, പ്രതികാരബുദ്ധി, വിദ്വേഷം എന്നീ തിന്മകളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കർത്താവേ, ...........

നാ: അസന്തുഷ്ടി, അസ്വസ്ഥത എന്നീ ദോഷങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കർത്താവേ, ...........

നാ: അഹങ്കാരം, ആത്മപ്രശംസ എന്നീ തിന്മകളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കർത്താവേ, ...........

നാ: മടി, കൃത്യനിർവ്വഹണത്തിലുള്ള ഉപേക്ഷ എന്നീ തെററുകളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കത്താവേ, ...........

നാ: സ്വയ വെറുപ്പിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പ്ര: കർത്താവേ, ...........

(പ്രത്യേകം ഓർത്തു പ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓർത്തു പ്രാർത്ഥിക്കുക).

## 10 ബോവൂസാ (യാക്കോബിന്റെ)

ഈശാ നാഥാ! വരിക തുണപ്പാൻ വിളികൂട്ടുന്ന
പ്രാർത്ഥന കേട്ടിട്ടാത്മാക്കാംമേൽ കൃപചെയ്യേണം.

ദൈവസുതൻ ശീലിപ്പിച്ചോരാ പ്രാത്ഥന രമ്യം
ഉള്ളിലതോററി ധ്യാനിക്കുന്നോൻ ധന്യൻ തന്നെ.

തല്പര്യത്തോടാ പ്രാത്ഥനയിൽ മുഴകീടുന്നോൻ
കണ്ടെത്തീടും സമ്പൂർണ്ണതതൻ ഭംഗികളെല്ലാം.

പാപമശേഷം പോക്കണമെന്നാ താതനോടോതാൻ
ദിവ്യരഹസ്യത്തിൻ സുതരെത്താൻ ശീലിപ്പിച്ചു.

തൻെറ കടക്കാരോടു പൊറുക്കാൻ ധൈര്യം നല്കി
മുക്തിക്കായിട്ടർത്ഥിച്ചീടാനുപദേശിച്ചു.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊാംവോനേ!
പ്രാത്ഥന കേട്ടിട്ടാത്മാക്കാംമേൽ കൃപചെയ്യേണം.

## 11 കൗമാ–വിശ്വാസപ്രമാണം

# പത്താം ജാഗരണം

(പത്താം ഗ്രൂപ്പ്)

**1 സങ്കീർത്തനങ്ങൾ**

119 (യോദ്), 119 (കഫ്), 119 (ലാമെദ്)

**2 ഗീതങ്ങൾ**

(i) എന്തതിശയമേ ദൈവത്തിൻസ്നേഹം ............

(ii) രക്ഷിതാവിനെ കാൺക പാപി................

(iii) കഷ്ടതയിൻ ചൂളയിൽ........................

**3 കൗമാ:**

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും............

സ്വർഗ്ഗസ്ഥനായ പിതാവേ..........................

കൃപനിറഞ്ഞ മറിയമേ..............................

**4 കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങിപ്പോയവർ ഇവരുടെ സ്മരണ** (ആരാധനയ്ക്കുപയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക.)

മൂന്നുമരമെരിയാതെരീതി തൻ നടുവിൽ...............

തൂക്കപ്പെട്ടമരത്തിൽ വിലാവുതുറ–ന്നാച്ചവളം.........

കർത്താവേ! നിൻരക്തശരീരങ്ങൾ–കൈക്കൊണ്ടു...

## 5 പ്രതിഷ്ഠാ പ്രാർത്ഥന

ഞങ്ങളുടെ കർത്താവേ! ഇതാ നിന്റെ അടുക്കലേയ്ക്കു ഞങ്ങളുടെ കൈകൾ നീട്ടപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ കണ്ണുകൾ നിന്റെ കരുണകൾക്കായി നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങൾ നിന്നെ വിളിക്കയും നിന്നിൽ അഭയം പ്രാപിക്കയും കൃപയെ നിന്നോടു യാചിക്കയും നിന്റെ കരുണയോടപേക്ഷിക്കയും ചെയ്യുന്നു. ഞങ്ങളെ നീ മറന്നു കളയരുതെ. ഞങ്ങളെ കൈവിട്ടുകളയരുതെ. ഞങ്ങളെ ഉപേക്ഷിക്കരുതെ. നീ ഞങ്ങളെ ഞങ്ങളുടെ വൈരികൾക്കു നിന്ദയാക്കിത്തീർക്കരുതെ. ഞങ്ങളുടെ സഖാക്കൾക്കു ഞങ്ങൾ പരിഹാസമായിത്തീരരുതെ. ഞങ്ങൾ കുററക്കാരായിത്തീർന്നിട്ട് സാത്താൻ സന്തോഷിക്കുമാറാകരുതെ. അസൂയക്കാരൻ ഞങ്ങളുടെ തെററുകളെ ചൊല്ലി പ്രശംസിക്കുമാറാകരുതെ. ഞങ്ങൾ നിന്റെ തൊഴുത്തിൽ നിന്നു് പുറത്തുപോകുമാറാകരുതെ. ഞങ്ങൾ നിന്റെ വഴി വിട്ടു് നടക്കുമാറാകരുതെ. നിന്റെ കൃപയെ ഞങ്ങളിൽ നിന്നു മാററിക്കളയരുതെ. നിന്റെ കരുണയുടെ ചിറകുകളിൽ കീഴെ നിന്നു് ഞങ്ങളെ തള്ളിക്കളയരുതെ. എന്നാലൊ നിന്റെ ദയവാൽ ഞങ്ങളെ കാത്തുകൊള്ളണമെ.

കർത്താവെ! ഞങ്ങളെ നിനക്കുള്ളവരാക്കിത്തീർക്കേണമെ. ഞങ്ങൾ നിന്നെ മറന്നതുപോലെ നീ ഞങ്ങളെ മറക്കരുതെ. എന്തെന്നാൽ നീ ഉടയവനും ഞങ്ങൾ ദാസരുമാകുന്നു. നീ സൃഷ്ടാവും ഞങ്ങൾ സൃഷ്ടിയുമാകുന്നു. നീ പ്രകാശവും ഞങ്ങൾ അന്ധകാരവും ആകുന്നു. ഞങ്ങളോടു ദയവുണ്ടായി ഞങ്ങൾക്കു പാപപരിഹാരം നൽകണമെ. ഞങ്ങളെ ശുദ്ധീകരിച്ച് വെടിപ്പാക്കണമെ. ദുർവികാരങ്ങളിൽനിന്നും ശക്തിയുള്ള കൈയ്യിൽനിന്നും ബലമുള്ള കാലിൽനിന്നും അക്രമമുള്ള അധികാരത്തിൽനിന്നും കവർച്ചക്കാരായ ജനങ്ങളിൽനിന്നും വഞ്ചകനായ ദുഷ്ടനിൽനിന്നും ഞങ്ങളെ ഒഴിച്ചു രക്ഷിക്കണമെ. വാളിൽനിന്നും അടിമത്വത്തിൽനിന്നും ഭൂകമ്പത്തിൽനിന്നും ഭയത്തിൽനിന്നും ശരീരത്തെ വ്യസനിപ്പിക്കയും ആത്മാവിനെ അരിഷ്ടതപ്പെടുത്തുകയും ചെയ്യുന്ന സങ്കടകരമായ സകല ശി

ക്ഷകളിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. അതു നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും പരിപാകതയുള്ളവരുടേയും ബ്രഹ്മചാരികളുടേയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

**6 പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെക്കൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ: 119 (മേം)

ഗീതം: എന്നേശുവിൻ സന്നിധിയിൽ.............

സങ്കീ: 119 (നൂൻ)

ഗീതം: യാഹ് നല്ലയിടയൻ.......................

## 7 നിശബ്ദ - ധ്യാനനിമിഷങ്ങൾ

## 8 വേദഭാഗങ്ങൾ

(സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞു് ഒരു മിനിട്ട് നിശബ്ദമായി ധ്യാനിക്കണം).

പ്രധാന വിഷയം.— **ആരാധന**

— 'ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവർ, ആത്മാവിലും സത്യത്തിലും ആരാധിക്കണം.' (യോഹ. 4:24)

— 'അവങ്കലേക്കു് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല.' (സങ്കീ. 34:5)

— 'നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം, വേറെ ആയിരം ദിവസത്തെക്കാൾ ഉത്തമമല്ലോ.' (സങ്കീ. 84:10 a)

—'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി, നിങ്ങളുടെ ശരീരങ്ങളെ, ജീവനും വിശുദ്ധിയും, ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.'
(റോമ. 12:1 b)

—'നന്മ ചെയ്‌വാനും, കൂട്ടായ്മ കാണിപ്പാനും, നാം മറക്കരുത്. ഈവക യാഗത്തിലല്ലോ, ദൈവം പ്രസാദിക്കുന്നത്.'
(എബ്രാ. 13:16).

## പ്രാർത്ഥന

ദൈവമേ! ഞങ്ങൾ നമ്രശിരസ്കരായി നിന്നെ മഹത്വപ്പെടുത്തുന്നു. സത്യത്തിലും ആത്മാവിലും നിന്നെ ആരാധിപ്പാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവേ, നിന്നെ സ്തുതിക്കുന്നതിൽനിന്നു മൗനമായിരിപ്പാനും, നിന്നെ പുകഴ്ത്തുന്നതിൽനിന്ന് ഒഴിഞ്ഞിരിപ്പാനും ഞങ്ങൾക്കിടയാകരുതേ. ഞങ്ങൾ നിരന്തരമായി സ്തോത്രമെന്ന അധരഫലം നിനക്ക് അർപ്പിക്കുവാൻ സംഗതിയാക്കണമേ. ഞങ്ങൾ ശരീരവെടിപ്പോടും, ഏകാഗ്രഹൃദയത്തോടും നിന്റെ മഹത്വത്തെ പ്രകീർത്തിക്കുമാറാകണമേ. ഞങ്ങളെ നിന്റെ സത്യാരാധകരും ഉത്തമ സാക്ഷികളുമാക്കിത്തീർക്കണമേ.

ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാർത്ഥനാ വിഷയം:— **രാഷ്ട്രം, ഭരണകർത്താക്കൾ**

(13 -ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നത് കാണുക.)

നായകൻ: രാജാധിരാജാവും, കർത്താധികർത്താവും–സർവ്വശക്തനുമായ ദൈവമേ – രാ

ജത്വവും അധികാരവും ശക്തിയും ആധിപത്യവും – എന്നന്നേക്കും നിൻേറതാകുന്നുവല്ലോ – ദൈവമേ, ഞങ്ങളുടെ രാജ്യത്തെ അനുഗ്രഹിക്കണമേ.

പ്രതിവാക്യം: കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: ഞങ്ങളുടെ സംസ്ഥാനത്തെ കാത്തുകൊള്ളുകയും – കാലാകാലങ്ങളിൽ നിൻെറയിഷ്ടപ്രകാരം – ഉത്തമ മാതൃകയിൽ അതിനെ ഭരിച്ചുനടത്തുന്ന – ഭരണാധികാരികളെ നീയെഴുന്നേല്പിക്കുകയും ചെയ്യേണമേ.

പ്ര: കർത്താവേ, ...................

നാ: ഇപ്പോൾ ഈ രാജ്യത്തെ ഭരിക്കുന്ന – വിവിധ രംഗങ്ങളിൽ ഉള്ള – അധികാരികളും ഉദ്യോഗസ്ഥന്മാരുമായ എല്ലാവരേയും ഞങ്ങൾ ഓർക്കുകയും അവരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനു വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്ര: കർത്താവേ, ...................

നാ: ദൈവമേ, ജനനന്മയെ ലാക്കാക്കിയും – സ്വാർത്ഥത വെടിഞ്ഞും ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ചുനിന്നും – ഭരിപ്പാനും തീരുമാനം കൈക്കൊള്ളുവാനും ഞങ്ങളുടെ ഭരണാധികാരികളെ – നീ വിവേകമുള്ളവരാക്കിത്തീർക്കേണമേ.

പ്ര: കർത്താവേ, ...................

നാ: ദൈവത്തെ അറിയാത്തവരാൽ ഞങ്ങൾ ശിക്ഷിക്കപ്പെടുവാനിടയാകരുതേ – നീതിനിഷ്ഠയും സത്യസന്ധതയും ഉള്ള – ജനനേതാക്കന്മാരായും ഉദ്യോഗസ്ഥന്മാരായും രാജ്യം ഭരിപ്പാൻ – അവർക്കു ഇടയാക്കിത്തീർക്കണമേ.

പ്ര: കർത്താവേ, ...................

നാ: സത്യത്തോടും നീതിയോടും കൂടിയല്ലാതെ – നി ൻെറ തിരുവിഷ്ടത്തിനു് നിരക്കാത്ത തരത്തിൽ – യാതൊന്നും പ്രവർത്തിപ്പാൻ ഇടവരാതെ – അവരെ നീ കാത്തുകൊള്ളണമേ.

പ്ര: കത്താവേ, ...................

നാ: നിൻെറ കൃപമൂലം – അവരിൽ നിന്നു് ഞങ്ങൾ അനുഭവിക്കുന്നതായ – സർവ്വസഹായങ്ങൾക്കും നന്മകൾക്കുമായിട്ടു് – ഞങ്ങൾ അവർക്കുവേണ്ടി പ്രാൎത്ഥിക്കുകയും ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമേ.

പ്ര: കർത്താവേ, ...................

(പ്രത്യേകം ഓർത്തുപ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓർത്തുപ്രാർത്ഥിക്കുക)

## 10 ബോവൂസാ (യാക്കോബിൻെറ)

കർത്താവേ! നിന്നാർദ്രതനിറയും വാതിൽ തുറന്നി
പ്രാൎത്ഥന കേട്ടിട്ടാത്മക്കളിലൻപുണ്ടാകേണം

ഗൂഢം വീട്ടിൽ പ്രാൎത്ഥിപ്പതിലാണ്ടയോനിഷ്ടം
ശബ്ദത്താലല്ലാന്നു ഭാഗ്യം ധർമ്മിഷ്ടന്മാർ

സൌമ്യൻ മോശ പ്രാൎത്ഥനമൂലം ഭാഗിച്ചാഴി –
ക്കൂട്ടം നീങ്ങി, ദുഷ്ടൻ ഫറവോൻ മുങ്ങിപ്പോയി

ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാർദ്രത തോന്നി
പാപം മോചിച്ചേകി വീണ്ടും പ്രവചന ശക്തി

ചൂളയ്ക്കുള്ളിൽ ഹാനനിയന്മാർ പ്രാൎത്ഥിച്ചപ്പോൾ
തീക്കുണ്ഡത്തീന്നവരെ ദൈവം സംരക്ഷിച്ചു.

നിര്യാണം ന്യായത്തിൻപീഠം നരകം മൂന്നും
ഭീയേററീടുന്നെൻ കർത്താവെ! എന്നുള്ളത്തിൽ

## 11 കൗമാ–വിശ്വാസപ്രമാണം

# പതിനൊന്നാം ജാഗരണം

(പതിനൊന്നാം ഗ്രൂപ്പ്)

1 **സങ്കീർത്തനങ്ങൾ**

119 (സാമെക്ക്), 119 (അയിൻ), 119 (പേ).

2 **ഗീതങ്ങൾ**

i) വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു ഞാൻ............

ii) അടവിതരുക്കളിൻ ഇടയിൽ......................

iii) ഹാ! മനോഹരം യാഹേ......................

3 **കൗമാ**

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും........

സ്വർഗ്ഗസ്ഥനായ പിതാവേ... ........................

കൃപനിറഞ്ഞ മറിയമേ...............................

4 **കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങിപ്പോയവർ, ഇവരുടെ സ്മരണ** ('ദേവാധീശാ!' എന്ന രീതി)

ബേതലഹേമിൽ കല്ലിൻ ഗുഹതന്നിൽ
ലോകത്തിൻപതിയെ
പെററവളേ ഗുണവിളനിലമേ, ശാശ്വതകന്യേ,
ഭാഗ്യവതി,
ഉടലോടംബരമാന്നവളെ, എൻ മാതാവേ മറിയാമേ,
ഓക്കണമെ ഞങ്ങളെയെന്നാളും.

മൈലാപ്പൂരിൽ — മ്ശിഹായെ പ്രതിതൻ
ജീവൻവച്ചവനെ,
നിരണം മുതലായവയേഴ — ഭവനം
സംസ്ഥാപിച്ചവനെ,
ഇൻഡ്യയുടെ കാവൽക്കാരാ, മാന്യപിതാവെ
മാത്തോമ്മാ,
ഓക്കണമെ ഞങ്ങളെയെന്നാളും.

ഒമ്പതു വൃന്ദമായ് — ദൈവസ്തുതിചെയ്യും
മാലാഖാമാരേ,
പരനായ് ജീവിതമപ്പിച്ച — നിരുപമ
പരിശുദ്ധന്മാരെ,
ശരണത്തോടെയിഹം വിട്ട — ഭക്തരതാം
വിശ്വാസികളെ
ഓർക്കണമെ — ഞങ്ങളെയെന്നാളും.

## 5 പ്രതിഷ്ഠാ പ്രാർത്ഥന

പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നവനെ! നിൻെറ വലത്തു തൃക്കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. ദീർഘക്ഷമയുള്ളവനും കൃപയും സത്യവും വളരെയുള്ളവനുമെ! നീ ഞങ്ങളോടു ദീർഘക്ഷമയായിരിക്കണമെ. സമുദ്രത്തിലെ ഓളങ്ങളെ അടക്കുന്നവനെ! കലങ്ങിയിരിക്കുന്ന ഞങ്ങളുടെ പാപഓളങ്ങളെ അടക്കണമെ. മനോവേദനയിലിരിക്കുന്നവരെ ചേത്തുകൊള്ളുന്നവനെ! ഞങ്ങളുടെ ആത്മാക്കളെ നിങ്കലേയ്ക്കു ചേർക്കണമെ. കുററങ്ങളേയും പാപങ്ങളേയും ക്ഷമിക്കുന്നവനെ! ഞങ്ങളുടെ കുററങ്ങളേയും പാപങ്ങളേയും ഞങ്ങളോടു ക്ഷമിക്കണെമെ. തൻെറ ദാസന്മാരെ കാത്തുകൊള്ളുന്നവനും തൻെറ ഭവനക്കാരെ സൂക്ഷിച്ചുകൊള്ളുന്നവനും ആയവനെ! ഞങ്ങൾ തിന്മയായിട്ടുള്ളതു് വിചാരിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യാതെ ഞങ്ങളുടെ വായ്കൾക്കും, ചുണ്ടുകൾക്കും, സ്വരണകൾക്കും ഇന്ദ്രിയങ്ങൾക്കും, ഹൃദയങ്ങൾക്കും, വിചാരങ്ങൾക്കും കാവൽക്കാരെ നിയമിക്കണമെ. ഞങ്ങളുടെ ജീവിതവും വിചാര

ങ്ങളും വചനങ്ങളും പ്രവൃത്തികളും ജോലികളും നടപടികളും ഞങ്ങളിലുള്ള സകലവും ഞങ്ങളുടെ ഇഷ്ടപ്രകാരവും മൽസരക്കാരായ പിശാചുക്കളുടെ ഇഷ്ടപ്രകാരവും അല്ല, നിൻെറ ഇഷ്ടപ്രകാരം ഭരിക്കപ്പെടുമാറാകണമെ.

ആമ്മീൻ.

**6 പ്രസംഗം** (അല്ലെങ്കിൽ സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെക്കൊടുത്തിരിക്കുന്ന പ്രകാരം)

സങ്കീ; 119 (സാദെ)

ഗീതം: യേശുവിൻ നാമം എന്നേശുവിൻ നാമം....

സങ്കീ: 119 (കോഫ്)

ഗീതം: ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ....

## 7 നിശബ്ദ - ധ്യാനനിമിഷങ്ങൾ

## 8 വേദഭാഗങ്ങൾ

(സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞു് ഒരു മിനിട്ട് നിശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം:— **ആരാധന**

— 'ഭൂമിയിൽവെച്ച് നിങ്ങളിൽ രണ്ടുപേർ, യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപെട്ടാൽ, അതു സ്വർഗ്ഗസ്ഥനായ എൻെറ പിതാവിങ്കൽനിന്നും അവക്കു് ലഭിക്കും.' (മത്താ. 18: 19)

— 'അവൻെറ കല്പനകളെ നാം പ്രമാണിച്ചു, അവന്നു് പ്രസാദമുള്ളതു് ചെയ്യുന്നതുകൊണ്ടു്, എന്തു യാചിച്ചാലും അവങ്കൽനിന്നുകിട്ടും.' (1 യോഹ. 3: 22)

— 'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു്, എല്ലാററിലും പ്രാത്ഥനയാലും അപേക്ഷയാലും, നിങ്ങളുടെ ആവ

ശ്യങ്ങരം, സ്തോത്രത്തോടുകൂടെ ദൈവത്തോടു് അറിയിക്കയത്രേ വേണ്ടതു്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം, നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.' (ഫിലി. 4: 6, 7)

— 'യാചിപ്പിൻ എന്നാൽ നിങ്ങരംക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങരം കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങരംക്കു് തുറക്കും.' (മത്താ. 7: 7)

— 'ഇടവിടാതെ പ്രാൎത്ഥിപ്പിൻ. എല്ലാററിനും സ്തോത്രം ചെയ്‌വിൻ.' (1 തെസ. 5: 17, 18)

— 'നീതിമാൻെറ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന, വളരെ ഫലിക്കുന്നു.' (യാക്കോ. 5: 16 b)

— 'സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ടു് സകലവിശുദ്ധന്മാക്കും എനിക്കും വേണ്ടി, പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ.' (എഫേ. 6: 18)

## 9 ലുത്തിനിയാ

പ്രാൎത്ഥനാവിഷയം: **ശിശുക്കൾ, യുവജനങ്ങൾ**

(13-ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നതു കാണുക.)

നായകൻ: 'ശിശുക്കളെ എൻെറ അടുക്കൽ വരുവാൻ വിടുവീൻ, അവരെ തടയരുതു്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതാണു്'' എന്നരുളിച്ചെയ്തവനും അവരെ ആശ്ലേഷിച്ചു് അവരുടെ തലയിൽ കൈവെച്ചു് അനുഗ്രഹിച്ചവനുമായ കത്താവേ, മലങ്കരസഭയിലെ സൺഡേസ്കൂരം വിദ്യാർത്ഥികരംക്കും, വിദ്യാർത്ഥിനികരംക്കും വേണ്ടി ഞങ്ങരം പ്രാർത്ഥിക്കു

ന്നു. അവരെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്കു് ആവശ്യമായ ജ്ഞാനവും, കൃപയും നൽകേണമേ.

പ്രതിവാക്യം: കർത്താവേ, ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: ബാലനായ ശമുവേൽ, ഏലിയെന്ന പട്ടക്കാരന്റെ കൂടെയും മോശ രാജകൊട്ടാരത്തിലും വളർന്നു് നിന്റെ ശുശ്രൂഷയ്ക്കുള്ള കഴിവു് സമ്പാദിച്ചതുപോലെ, ഞങ്ങളുടെ പൈതങ്ങളും ആത്മീയ ശക്തി പ്രാപിക്കുമാറാകണമേ.

പ്ര: കർത്താവേ,..................

നാ: ഹനനീയ, അസറിയ, മീശായേൽ, ദാനിയേൽ എന്നീ ബാലന്മാരെപ്പോലെ സ്വയം ശിക്ഷണത്തിലും, ദൈവഭക്തിയിലും ഞങ്ങളുടെ കുഞ്ഞുങ്ങൾ വളരുമാറാകണമേ.

പ്ര: കർത്താവേ,................

നാ: 'പൈതൽ വളർന്നു ആത്മാവിൽ ബലപ്പെട്ടു' എന്നു് യോഹന്നാൻ സ്നാപകന്റെ ബാല്യത്തെക്കുറിച്ചും, 'യേശുവോ ജ്ഞാനത്തിലും വളർച്ചയിലും, ദൈവത്തിന്റേയും മനുഷ്യരുടേയും കൃപയിലും മുതിർന്നു വന്നു' എന്നു്, കർത്താവേ നിന്റെ പൈതൽ പ്രായത്തെക്കുറിച്ചും 'എഴുതിയിരിക്കുന്നതുപോലെ, വി. മാമോദീസാവഴി ഇവർ പ്രാപിച്ച പരിശുദ്ധാത്മാവു് ഇവരിൽ നിത്യമായി വസിച്ചു്, ഇവരെ ദൈവീകരാക്കിത്തീർക്കണമേ.

പ്ര: കർത്താവേ, ..................

നാ: സ്നേഹം, അനുകമ്പ, കടമ, അദ്ധ്വാനശീലം, കൃത്യനിഷ്ഠ, അനുസരണം, പരസ്പരബഹുമാനം, പ്രാർത്ഥനാശീലം എന്നിവ ഇവരിൽ വളരുവാൻ കരുണ ചെയ്യേണമേ.

പ്ര: കർത്താവേ, ... ...............

നാ: നിനക്കു് ഓശാന പാടിയ കുട്ടികളെപ്പോലെ നിന്നോടുള്ള ഭക്തിയും, സ്നേഹവും ഇവരിൽ വർദ്ധിക്കുകയും നിൻെറ മഹത്വത്തിനായി സ്വന്തം ജീവിതത്തെ സമർപ്പിക്കുവാൻ ഇവർക്കു സംഗതിയാക്കുകയും ചെയ്യണമേ.

പ്ര: കർത്താവേ, ...............

നാ: സൺഡേസ്കൂൾ പ്രസ്ഥാനത്തേയും, ബാലികാബാല സമാജങ്ങളേയും നീ ശക്തീകരിക്കുകയും, അവക്കു് നേതൃത്വം കൊടുക്കുന്നവർക്കു എല്ലാ ദൈവീക കൃപകളും നൽകുകയും ചെയ്യണമേ.

പ്ര: കർത്താവേ, ...............

നാ: ഞങ്ങളുടെ ഭവനങ്ങളിലും, പള്ളികളിലും, സ്കൂളുകളിലും, ഇതര വിദ്യാലയങ്ങളിലും, ക്രിസ്തീയ അന്തരീക്ഷം നിലനിർത്തുന്നതിനും, ഉത്തമ മാതൃക കാണിക്കുന്നതിനും ഞങ്ങളെ സഹായിക്കണമേ.

പ്ര: കർത്താവേ, ...............

നാ: സൺഡേസ്കൂൾ അദ്ധ്യാപകർ നിനക്കു് ഏററവും പ്രിയങ്കരമായ സേവനമാണു് അനുഷ്ഠിക്കുന്നതെന്ന ബോധത്തോടെ, കുട്ടികളുടെ ശോഭനമായ ഭാവിയെ ലക്ഷ്യമാക്കി ആത്മാർത്ഥതയോടെയും, മാതൃകാപരമായും പ്രവർത്തിക്കുവാൻ അവരെ ശക്തിപ്പെടുത്തേണമേ.

പ്ര: കർത്താവേ, ...................

നാ: യൗവ്വനകാലത്തു് ഒരു തച്ചൻെറ ജോലി വിശ്വസ്തതയോടെ ചെയ്തു് ജീവിക്കുകയും യൗവ്വനത്തിൽ തന്നെ പരസ്യ ശുശ്രൂഷയ്ക്കു് ഇറങ്ങി മനുഷ്യരുടെ ആത്മശരീരമനസ്സുകളുടെ നന്മയ്ക്കായി അഹോരാത്രം

അദ്ധ്വാനിക്കുകയും ചെയ്ത കർത്താവേ, ഞങ്ങളുടെ സഭയിലെയും, വിശിഷ്യാ ഈ ഇടവകയിലെയും യുവജനപ്രസ്ഥാനത്തെ നീ അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ,..................

നാ: മദ്യപാനം, മയക്കുമരുന്ന് ആദിയായ എല്ലാ തിന്മകളുടെ സ്വാധീനത്തിൽ നിന്നും എല്ലാ യുവജനങ്ങളെയും സംരക്ഷിച്ച്, നന്മയുടെ മാർഗ്ഗത്തിൽ അവരെ നയിക്കുകയും, ഇവയ്ക്കെതിരായി പ്രചരണം നടത്തുന്നതിന് അവർക്ക് സന്മനസ്സുണ്ടാകുവാൻ കൃപ നൽകുകയും ചെയ്യണമേ.

പ്ര: കർത്താവേ,..................

നാ: ഞങ്ങളുടെ ആരോഗ്യവും ബുദ്ധിശക്തിയും, വിദ്യാഭ്യാസവും, വിവിധ കഴിവുകളും എല്ലാം അവിടുത്തെ ദാനങ്ങളാണെന്ന് മനസ്സിലാക്കി നിന്നോടു നന്ദി പറയുവാൻ അവിടുത്തെ മക്കളെ സഹായിക്കണമേ.

പ്ര: കർത്താവേ,..................

നാ: 'എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവർത്തി തികയ്ക്കുന്നതാണ് എന്റെ ആഹാരം' എന്ന് അവിടുന്ന് അരുളിച്ചെയ്തതുപോലെ, സന്തോഷത്തോടുകൂടെ മററുള്ളവർക്കുവേണ്ടി കഷ്ടപ്പെടുന്നതിന് ഞങ്ങൾക്ക് ഇടയാകണമേ.

പ്ര കർത്താവേ,..................

നാ: മുൻകോപത്തിനും, മുൻവിധികൾക്കും അടിമകളാകാതെ, മററുള്ളവരുടെ സ്ഥാനത്ത് തങ്ങളെത്തന്നെ കണ്ട് അവരുടെ പ്രയാസങ്ങളിൽ അവരെ സഹായിക്കുന്നതിനും, മററുള്ളവരോട് സഹതപിക്കുവാനും, ക്ഷമിക്കുവാനും, അവരെ ബഹുമാനിക്കുവാനും യുവാക്കളെ സഹായിക്കണമേ.

പ്ര; കർത്താവേ,..................

നാ: നിൻെറ വിളി കേട്ട് അതു് സ്വീകരിപ്പാനും നിൻെറ ഹിതം പ്രവർത്തിപ്പാനും യുവജനങ്ങളെ സഹായിക്കണമേ; ഇടവകകളുടെ ആത്മീയ വളർച്ചയ്ക്കും, സഭയുടെ നന്മയ്ക്കുമായി പ്രവർത്തിക്കുവാൻ യുവജനപ്രസ്ഥാനത്തിലെ എല്ലാ ഭാരവാഹികളെയും അതിലെ അംഗങ്ങളെയും അനുഗ്രഹിക്കണമേ.

പ്ര: കർത്താവേ,....................

നാ: ഞങ്ങൾ നിന്നേയും നിൻെറ പിതാവിനേയും നിൻെറ പരിശുദ്ധാത്മാവിനേയും എല്ലാ കാര്യങ്ങളിലും എപ്പോഴും മഹത്വപ്പെടുത്തുമാറാകണമേ.

(പ്രത്യേകം ഓത്തു പ്രാത്ഥിക്കേണ്ടവരെ ഇവിടെ ഓർത്തു പ്രാർത്ഥിക്കുക.)

## 10 ബോവൂസാ (യാക്കോബിൻെറ)

ഈശാനാഥാ ! വരിക തുണപ്പാൻ വിളിക്കുന്നു
പ്രാത്ഥനകേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം

കാംക്ഷിക്കുന്നേൻ കന്മഷമുക്തിക്കെൻ കർത്താവേ !
കാലത്തിന്നൊത്തൻപത്ഥിപ്പാൻ നൽകുക കണ്ണീർ

ഭാവിക്കുന്നേനേകാശ്രയമാം നിൻ കരുണയ്ക്കായ്
വർഷിക്കെൻമേൽ കരുണക്കടലേ! കരുണാപൂരം.

കാലംപോക്കി പാഴായവയെ സേവിച്ചീ ഞാൻ
ജീവാന്ത്യത്തിൽ കൈക്കൊൾകെന്നെ ഞാൻ നിൻേറതാം

മായാരാജാവെന്നെ വധിപ്പാനെയ്തു ബാണം
സേനാധീശാ ! സൌഖ്യം നേടാനൌഷധമേകു.

ദേവാദേവാ! ഉത്തരമരുളിക്കാരുണ്യം ചെ-
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

## 11 കൗമാ—വിശ്വാസപ്രമാണം

# പന്ത്രണ്ടാം ജാഗരണം

(പന്ത്രണ്ടാം ഗ്രൂപ്പ്)

**1 സങ്കീർത്തനങ്ങൾ**

119 (രേശ്), 119 (ശീൻ), 119 (തൌ)

**2 ഗീതങ്ങൾ**

(i) സ്വർഗ്ഗത്തിന്റെ സ്നേഹമണിനാദ.................

(ii) മാർ അപ്രേമിന്റെ മെദ്രാ(അനുതാപത്തിന്റെ)

കർത്താവെ! കറയില്ലാത്ത ഹൃദയമെനിക്കരുളീടണമെ.
പിഴയധികാരം ചെയ്കതിനാൽ മുന്നേക്കാളതുവഷളായി

കർത്താവേ! യെൻപ്രാർത്ഥനയാൽ സുസ്ഥിരവും ശുദ്ധിയുമുള്ള
നിന്നാത്മാവിനെയെന്നുള്ളിൽ നന്നായൊന്നു പുതുക്കണമെ

ആ നിന്നാത്മാവെന്നുള്ളിൽ ദിവസംപ്രതിപാർത്തീടണമെ
മൌനം ദീക്ഷിക്കാതെ സമാ—ധാനത്തോടതു വാഴണമെ.

എൻപാപത്തിൻബഹുലതയാൽറൂഹാവഴിഞാൻപ്രാപിച്ച
മുൻവാഗ്ദത്തമകററിയതിൻ നൽവരമില്ലാത്തവനായ്
ഞാൻ

കൃപയുള്ളോനെ! റൂഹായെ വീണ്ടും പുതുതാക്കണമെന്നിൽ
അതുനിൻഹിതമെന്നെക്കാണി—ച്ചമലമനസ്സിൽ
പാർക്കണമെ

കർത്താവെ! ദുശ്ചിന്തകളും പാപവികാരങ്ങളുമററ
കളവില്ലാത്തൊരു നിർമ്മലമാം ചിത്തമെനിക്കേകീടണമെ

കർത്താവെ! വൻചതിവുകളും കടിലതന്ത്രമിതൊക്കെയുമെ
നിത്യമകററും നിർമ്മലമാം ചിത്തമെനിക്കേകീടണമെ

നാഥാ! കോപമടക്കാതെ വൈരമടുത്തവനോടെന്നും
ഉണ്ടാകാത്തൊരു നിമ്മലമാം ചിത്തമെനിക്കേകീടണമെ

ആത്മശരീരങ്ങളെ നാശം ചെയ്യുമസൂയാദോഷമതും
വാശിയുമററൊരു നിമ്മലമാം ചിത്തമെനിക്കേകീടണമെ

അകമേചതിവാലോചിപ്പാ—നന്യനെ ദൃഷിചൊല്ലീടാനും
തുനിയാതുള്ളൊരു നിർമ്മലമാം ചിത്തമെനിക്കേകീ
ടണമെ

കർത്താവെ! നിൻ ഗുണകാര്യം ചിന്തിപ്പാൻ
തുനിയാത്തൊന്നായ്
അക്രമവൃത്തികളില്ലാത്ത നിർമ്മലചിത്തം നൽകണമെ

കർത്താവെ! മലിനതയിൽ നി—ന്നൊഴിയുന്നതുമീ
ലോകത്തിൽ
ഇമ്പങ്ങളെവെടിയുന്നതുമാം നിർമ്മലചിത്തം നല്ലണമെ

കാമവികാരമശുദ്ധതയും സുഖഭോഗവുമീവകയൊന്നും
നിരൂപിക്കാതെയിരിക്കുന്ന നിർമ്മലചിത്തം നല്ലണമെ

അതിഭക്ഷണവും ലഹരിയെഴും സാധനമെന്നിവയൊ
ന്നിലുമെ
പ്രിയമില്ലാതെയിരിക്കുന്ന നിർമ്മലചിത്തം നൽകണമെ

കർത്താവെ!യീലോകത്തിൽസമ്പത്തിവിശേഷംസകലം
എച്ചിലുപോലെണ്ണീടുന്ന നിർമ്മലചിത്തം നൽകണമെ

കർത്താവെ! ദ്രവ്യാഗ്രഹവും മതിയില്ലായ്മയുമററു സദാ
അക്രമമൊക്കെവെറുക്കുന്ന നിർമ്മലചിത്തം നല്ലണമെ

കർത്താവെ! ഉന്നതഭാവം തന്നത്താനെ നടിക്കാത്ത
നിഗളമശേഷമകററുന്ന നിർമ്മലചിത്തം നൽകണമെ

ഉന്നതസിംഹാസനമെല്ലാം നിസ്സാരമതെന്നോക്കുന്ന
അധികാരഭ്രമമില്ലാത്ത നിർമ്മലചിത്തം നൽകണമെ

ബഹുമാനപ്രിയമററതുമായ് അപമാനത്തെ സഹി
പ്പതുമായ്
കീത്തിയിലുയരാത്തതുമായ നിമ്മലചിത്തം നല്ലണമെ

കർത്താവെ! ദുർമ്മത്സരമി—ഞ്ഞേശീടാത്തതുമെപ്പോഴും
തിന്മയിൽശങ്കകലന്നതുമാം നിർമ്മലചിത്തം നല്ലണമെ.
അന്യായത്തിൽ നിന്നെൻെറ കൈകൾവിരമിച്ചീടട്ടെ.

**3 കൗമാ:**

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും............

സ്വർഗ്ഗസ്ഥനായ പിതാവേ..........................

കൃപനിറഞ്ഞ മറിയമേ...............................

**4 കന്യകമറിയാം, വിശുദ്ധൻമാർ, വാങ്ങി പ്പോയവർ ഇവരുടെ സ്മരണ** (ആരാധനസ്ക്കപയോഗിക്കുന്ന, താഴെപ്പറയുന്ന ഗീതങ്ങൾ ചൊല്ലുക.)

ഭാഗ്യനിധീ! മറിയാമേ! ദൈവ.......................

ജീവകരം മൃതികരമെന്നേവം.........................

ആശ്വാസം—സ്മൃതിയൊടുമൃതതാത............

**5 പ്രതിഷ്ഠാ പ്രാർത്ഥന**

ഞങ്ങളുടെ കർത്താവേ! നിന്നിൽ ആശ്രയിപ്പാനും നിന്നിൽ അഭയം പ്രാപിപ്പാനും നിന്നെ വിളിപ്പാനും ഞങ്ങളുടെ വേദനകൾക്കു വൈദ്യവും ഞങ്ങളുടെ കുററങ്ങൾക്കു പരിഹാരവും നിന്നോടു യാചിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ നാഥാ! നിൻെറ കല്പനകളെ ആചരിപ്പാനും അതിനാൽ ഞങ്ങൾ കാത്തുകൊള്ളപ്പെടുവാനും നിൻെറ ദയവിൽ ആശ്രയിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. അനീതികളിൽനിന്നു് അകന്നും തിന്മകളിൽനിന്നു് ഒഴിഞ്ഞും ഈ ലോകത്തിൽ ജീവിപ്പാൻ ഞങ്ങൾക്കു കൃപയരുളണമേ. ഞങ്ങളുടെ കർത്താവേ! ഈ ലോകത്തിൽ സമാധാനത്തിൻെറ മനുഷ്യക്കുള്ളതായ നല്ല അവസാനം ഞങ്ങൾക്കു നൽകണമേ. മുഖപ്രസാദവും

സകല മനുഷ്യരും സ്തുതിക്കത്തക്കതായ പ്രവൃത്തികളും ഇവിടെ വച്ച് സമ്പാദിപ്പാൻ ഞങ്ങൾക്കു കൃപ നൽകണമേ. ആ ലോകത്തിൽ നിൻെറ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ പ്രസാദവും ഞങ്ങൾക്കുതരണമേ. സന്തോഷങ്ങളുടെ മണവറയിലെ സൗഭാഗ്യങ്ങളുടെ ആനന്ദത്തിനു ഞങ്ങളെ യോഗ്യരാക്കണമേ. പഴയനിയമകാലത്തും പുതിയനിയമകാലത്തുമുള്ള സകല പുണ്യവാന്മാരുടേയും ജയം ധരിച്ചവളും വിശുദ്ധന്മാരുടെ നാഥയും ആയ ദൈവമാതാവാകുന്ന പരിശുദ്ധ കന്യകയുടേയും പ്രാർത്ഥനയാൽ തന്നെ.

ആമ്മീൻ.

**6 പ്രസംഗം** (സങ്കീർത്തനങ്ങളും ഗീതങ്ങളും താഴെ കൊടുത്തിരിക്കുന്നപ്രകാരം.)

സങ്കീ: 127

ഗീതം: യേശുവെപ്പോലെയാകുവാൻ

സങ്കീ: 139

ഗീതം: തിരുക്കരത്താൽ വഹിച്ചുയെന്നെ...........

**7 നിശബ്ദ–ധ്യാനനിമിഷങ്ങൾ**

**8 വേദഭാഗങ്ങൾ** (സാവധാനമായി, ധ്യാനിച്ച് ഓരോരുത്തരായി ചൊല്ലണം. ഓരോ വാക്യവും കഴിഞ്ഞ് ഒരു മിനിട്ട് നിശബ്ദമായി ധ്യാനിക്കണം.)

പ്രധാന വിഷയം:– **ആത്മീയപോരാട്ടം**

— 'നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച്, അലറുന്ന സിംഹമെന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു ചുററിനടക്കുന്നു' (1 പത്രോ. 5:8)

—'പിശാചിൻെറ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിനു് ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ' (എഫേ. 6:11).

—'തിന്മയോട് തോല്ക്കാതെ, നന്മയാൽ തിന്മയെ ജയിക്കുക' (റോമ. 12:21).

—'മോഹങ്ങൾ ജനിക്കുമാറു്, ജഡത്തിനായി ചിന്തിക്കരുതു്'' (റോമ. 13:14b).

—'മററുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻതന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിനു്, എൻെറ ശരീരത്തെ ദണ്ഡിപ്പിച്ചു് അടിമയാക്കുകയത്രേ ചെയ്യുന്നതു്'' (1 കൊരി. 9:27).

—'ക്രിസ്തുയേശുവിനുള്ളവർ, ജഡത്തെ അതിൻെറ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു' (ഗലാ. 5:24).

—'പാപത്തോടു പോരാടുന്നതിൽ, നിങ്ങൾ ഇതുവരെ, പ്രാണത്യാഗത്തോളം എതിർത്തു് നിന്നിട്ടില്ല (എബ്രാ. 12:4).

—'ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും' (യാക്കോ. 4:7)

## പ്രാർത്ഥന

ദൈവമായ കർത്താവേ! ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. നീ ഞങ്ങൾക്കു തുണയായിനിന്നു് ഞങ്ങളുടെ പോരാട്ടങ്ങളിൽ ഞങ്ങൾക്കു വിജയം നൽകണമേ. ലോകം, ജഡം, പിശാചു്, എന്നിവയിൽനിന്നുള്ള പോരാട്ടം ഞങ്ങൾക്കു നേരിടേണ്ടതുണ്ടു് എന്നു ഞങ്ങളറിയുന്നു. ഞങ്ങളുടെ സ്വന്തം കഴിവിൽ ഞങ്ങൾ ആശ്രയിക്കുന്നില്ല. ഞങ്ങളെ ശക്തീകരിക്കുകയും, ധൈര്യപ്പെടുത്തുകയും ചെയ്യുന്ന അവിടുത്തെ കൂട്ടായ്മയിൽ ഞങ്ങളെ കാത്തുകൊള്ളണമേ. ആത്മീയായുധം ഞങ്ങളെ ധരിപ്പിക്കണമേ.

ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുത്തുവാൻതക്ക വിശ്വാസ സ്ഥിരത ഞങ്ങാംക്ക നൽകണമേ. പരിശോധനകളിൽ സഹനശക്തിയും അണഞ്ഞുപോകാത്ത ആശ്രയബോധവും ഞങ്ങാംക്ക തരേണമേ. എന്നേക്കും ഞങ്ങാം നിന്നെ സ്തുതിച്ച മഹത്വപ്പെടുത്തുവാനായിട്ടു തന്നെ. ആമ്മീൻ.

## 9 ലുത്തിനിയാ

പ്രാത്ഥനാ വിഷയം; **വാർദ്ധക്യത്തിൽ ഇരിക്കുന്നവർക്കുവേണ്ടി**

(13–ാം പേജിൽ ബോക്സിൽ കൊടുത്തിരിക്കുന്നതു് കാണുക.)

നായകൻ : വിവിധ കാരണങ്ങളാൽ നിരാലംബരായിത്തീരുന്ന വൃദ്ധന്മാർക്കും വൃദ്ധകാംക്കുംവേണ്ടി ഞങ്ങാം പ്രാത്ഥിക്കുന്നു.

പ്രതിവാക്യം : കർത്താവേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.

നാ: സാമ്പത്തിക പരാധീനത ഉള്ളവക്കും മററുമായും ഭിന്നിച്ചിരിക്കുന്നവർക്കും മക്കാംക്ക കൂടെ താമസിപ്പിക്കുന്നതിനു് സൗകര്യമില്ലാത്തവക്കും മററുമായും നടത്തുന്ന വൃദ്ധമന്ദിരങ്ങളെ അനുഗ്രഹിക്കണമെ.

പ്ര: കർത്താവേ, ..........

നാ: ഈ ചെറിയവരിൽ ഒരുത്തനു് ചെയ്യതു് എനിക്കു ചെയ്യുവെന്നും ഈ ചെറിയവരിൽ ഒരുത്തനു് ചെയ്യാത്തതു് എനിക്കു് ചെയ്യില്ലെന്നും അരുളിച്ചെയ്യ കർത്താവേ, വാദ്ധക്യത്തിൽ ഇരിക്കുന്നവരെ ശുശ്രൂഷിപ്പാനും സഹായിപ്പാനും ഞങ്ങാംക്കു് സംഗതിയാക്കണമെ.

പ്ര: കർത്താവേ, ..........

നാ: വൃദ്ധമന്ദിരങ്ങളിലെ പ്രവർത്തകരെ ശക്തീകരിക്കുകയും, വിവിധ പശ്ചാത്തലങ്ങളിൽനിന്ന് വന്നവരും മാനസിക സംഘർഷങ്ങൾകൊണ്ട് നിറഞ്ഞവരുമായ അന്തേവാസികളെ സഹതാപബുദ്ധ്യ വീക്ഷിക്കുവാൻ സഹായിക്കുകയും ചെയ്യണമേ.

പ്ര: കർത്താവേ, ...........

നാ: വാർദ്ധക്യത്തിലും രോഗത്തിലുമിരിക്കുന്നവർക്ക് വേണ്ട ശുശ്രൂഷകൾ ഉത്സാഹത്തോടെ ചെയ്യുന്നതിനുള്ള സന്നദ്ധത ഞങ്ങൾക്ക് നൽകണമേ.

പ്ര: കർത്താവേ, ...........

നാ: വൃദ്ധരായവർ തങ്ങളുടെ ജീവിതത്തിൽ വന്നിരിക്കുന്ന കഷ്ടപ്പാടുകളെ ഓർത്ത് നിരാശപ്പെടുകയോ പിറുപിറുക്കുകയോ ചെയ്യാതെ, ലഭിക്കുന്ന നന്മകളെ ഓർത്ത് സന്തോഷിക്കുവാനും നിന്നെ സ്തോത്രം ചെയ്യുവാനും അവരെ പഠിപ്പിക്കണമേ.

പ്ര, കർത്താവേ...........

നാ: അവരെ പരസ്പരം ഭാരങ്ങളെ വഹിക്കുന്നവരും പരസ്പരം ബഹുമാനിക്കുന്നവരും പരസ്പരം ഒത്തിണങ്ങി പോകുന്നവരുമാക്കണമെ.

പ്ര: കർത്താവേ...........

(പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കേണ്ടവരെ ഇവിടെ ഓർത്ത് പ്രാർത്ഥിക്കുക.)

## 10 ബോവൂസാ (ബാലായിയുടെ)

മാതാ കാദീശ—
ന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃത—
രായോർക്കും പുണ്യം—

വാഴ്‌വായ്‌ത്തീരണമേ
മറിയാമ്മിന്നോർമ്മ
അവരം പ്രാർത്ഥനയാത്മാ–
ക്കരംക്കായും കോട്ട.

നിബിയന്മാർ ശ്ലീഹ–
ന്മാർ സഹദേൻമാരേ!
ഞങ്ങരംക്കായ് കൃപ യാ–
ചിപ്പീനെല്ലാരും

നിൻശരണത്താൽ മൃത–
രാം ഭ്രാതൃപിതൃക്കരം
മേലാനന്ദപ്പനി–
നീർ നീ വീഴ്‌ത്തേണം.

മാതൃസ്മരണയുയ–
ത്തിസ്സിദ്ധരെയേററി
മൃതരേ വാഴ്‌ത്തീട്ട–
ന്നവനായി സ്തോത്രം.

മാതാ കാദീശ–
ന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും പു–
ണ്യം മൃതരായോർക്കും.

## 11 കൗമാ–വിശ്വാസപ്രമാണം

## 1990–ൽ സെമിനാരിയുടെ 175 വർഷം തികയുന്നതിൻെറ പ്രവർത്തന പരിപാടികൾ

**സമ്മേളനങ്ങൾ:**

* സെമിനാറുകൾ
* എക്യുമെനിക്കൽ സമ്മേളനം
* വേദശാസ്ത്ര സമ്മേളനം
* പൊതുസമ്മേളനം

**പ്രസിദ്ധീകരണങ്ങൾ:**

* 'തിരുവചനഭാഷ്യം' പുതിയനിയമ വ്യാഖ്യാന ഗ്രന്ഥാവലി
* സെമിനാരിയുടെ ചരിത്രാഖ്യായിക
* മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശം
* സുവനീർ

**ഡോക്കുമെൻററി വീഡിയോ കാസററ്:**

സഭയുടെ ചരിത്രം, വിശ്വാസം, സംസ്ക്കാരം, ആരാധന എന്നിവ ഉൾക്കൊള്ളിച്ച്

* സഭാ വിജ്ഞാനീയ പ്രദർശനം
* മ്യൂസിയവും ആർക്കൈവ്സും

**ജൂബിലി ബിൽഡിംഗ് കോംപ്ലക്സ്:**

* ക്രൈസ്തവഗാന പഠനകേന്ദ്രം
* കൗൺസലിംഗ് സെൻറർ
* ലൈബ്രറി
* ഓഡിറേറാറിയം മുതലായവ ഉൾക്കൊള്ളുവാൻ
* നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വാഗതം ചെയ്യുന്നു.